1129

# ഭഗത്സിംഗ്

ഗ്രന്ഥകൎത്താ:—

പി. എം. കുമാരൻനായർ,

പാരംഗത്;

അകലൂർ; ഒററപ്പാലം.

പ്രസാധകന്മാർ:

കെ. ആർ. ബ്രദേർസ്,

കോഴിക്കോട്.

NATIONAL BOOK STALL
S.P.C.S. LTD.
KOTTAYAM

രണ്ടാംപതിപ്പ്

15 – 9 – 1956.

വില 6–ണ.

(പകൎപ്പവകാശം പ്രസാധകന്മാരിൽ.)

അച്ചടി:

കെ. ആർ. ബ്രദേർസ് അച്ചുക്കൂടം,

കോഴിക്കോട്.

1129
1129-
325-95

# ഭഗത്സിംഗ്

ഇന്ത്യയിൽ വിപ്ലവപ്രസ്ഥാനത്തിന്റെ സ്ഫുല്ലിംഗങ്ങൾ പരത്തുവാൻവേണ്ടി അസംബ്ലി മന്ദിരത്തിൽ ബോംബെറിഞ്ഞ സർദാർ ഭഗത്സിംഗിനെപ്പററി അറിയാത്തവർ ആരുംതന്നെ ഉണ്ടായിരിയ്ക്കയില്ല. ബ്രിട്ടീഷുസാമ്രാജ്യത്വത്തിന്നും അടിമത്വത്തിന്നുമെതിരായി ധീരധീരം പോരാടിയ വിപ്ലവകാരിയായ ഭഗത്സിംഗിനെ ഇന്ത്യയിലെ ഓരോ കുട്ടിയും അനുസ്മരിയ്ക്കാറുണ്ട്. ഇന്നും കൊച്ചുകുട്ടികളുടെ കണ്ഠത്തിൽനിന്ന് നിർഗ്ഗളിയ്ക്കുന്ന "ഭഗത്സിംഗ് ജയിയ്ക്കട്ടെ" എന്ന മുദ്രാവാക്യം ഗ്രാമപ്രദേശങ്ങളെ മുഖരിതമാക്കിത്തീർക്കാറുണ്ട്. ഇൻക്വിലാബ് സിന്ദാബാദ്, മഹാത്മാ ഗാന്ധികീ ജൈ എന്നീ മുദ്രാവാക്യങ്ങളോടൊപ്പംതന്നെ ഭഗത്സിംഗ് ജയിയ്ക്കട്ടെ എന്നും വിളിയ്ക്കുക സർവ്വസാധാരണമായിത്തീർന്നിട്ടുണ്ട്. അങ്ങിനെ ഇന്ത്യയിലെ ഓരോ കുട്ടിയ്ക്കും ഭഗത്സിംഗ്എന്ന പേർ അപരിചിതമല്ല.

ഗവമ്മെണ്ട് ആപ്പീസുകൾ കൊള്ളയടിയ്ക്കുകയും ബ്രിട്ടീഷ്ഉദ്യോഗസ്ഥന്മാരേയോ അവരുടെ സിൽബന്ധികളേയോ വധിയ്ക്കുകയും ചെയ്ത് തൂക്കുമരത്തിലേറി ജനങ്ങളുടെ ഇടയിൽ ആശങ്കയും ഭീതിയും ഉളവാക്കിയ വിപ്ലവകാരികളുടെ കൂട്ടത്തിൽപ്പെട്ട ഒരാളായിരുന്നില്ല ഭഗത്സിംഗ്. വി

വേകിയും സുശിക്ഷിതനുമായ ഒരു വിപ്ലവകാരിയായിരുന്നു അദ്ദേഹം. അന്നുണ്ടായിരുന്ന എല്ലാ വിപ്ലവകാരികളേക്കാ ളും ഭഗത്സിംഗ് കൂടുതൽ വിദ്യാസമ്പന്നനായിരുന്നു. മാതൃ ഭൂമിയുടെ സ്വാതന്ത്ര്യത്തെപ്പററി ദിവാസ്വപ്നം കണ്ടുകൊ ണ്ടിരുന്ന ഭാവനാപ്രധാനരായ വിപ്ലവകാരികളിൽപ്പെട്ട ഒരാ ളായിരുന്നില്ല അദ്ദേഹം. താൻ എന്തിനുവേണ്ടിയാണ് പ്ര ക്ഷോഭം കൂട്ടുന്നതെന്ന് അദ്ദേഹത്തിന്ന് നല്ലപോലെ അ റിയാമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യം മാത്രമായിരുന്നി ല്ല അദ്ദേഹത്തിൻെറ ലക്ഷ്യം. സാമ്രാജ്യത്വത്തേയും മുത ലാളിത്വത്തേയും നശിപ്പിയ്ക്കാൻ കൂടിയായിരുന്നു.

അന്നത്തെ വിപ്ലവപ്രസ്ഥാനം നിരുദ്ദേശമായി അ ങ്ങിനെ നടന്നുകൊണ്ടിരുന്നു. അതിൻെറ ലക്ഷ്യത്തേയും പരിപാടിയേയും ആകർഷകമാക്കിത്തീർക്കുന്നതിനുവേണ്ടി ആരും തന്നെ പ്രയത്നിച്ചിരുന്നില്ല. ഒരു പക്ഷേ അന്ന ത്തെ വിപ്ലവകാരികൾക്ക് ഈ ചിന്തതന്നെ ഉണ്ടായിരുന്നി രിയ്ക്കയില്ല. ഭഗത്സിംഗാണ് പ്രസ്ഥാനത്തെ മറെറാരു മാർഗ്ഗത്തിലേയ്ക്കു തിരിച്ചുവിട്ട ഒരേ ഒരു വ്യക്തി. അദ്ദേഹം ഉറച്ച ഒരു അസ്ഥിവാരത്തിന്മേൽ വിപ്ലവപ്രസ്ഥാനത്തെ കെട്ടിപ്പൊന്തിച്ചു. അതായ്ത് സാമ്രാജ്യത്വവിരോധത്തി ൻെറ അസ്ഥിവാരത്തിൽ പ്രസ്ഥാനത്തെ അദ്ദേഹം കെട്ടി പ്പൊക്കി.

## ജനനം.

പഞ്ചാബ് ഇന്ത്യയിൽ കേൾവിപ്പെട്ട ഒരു സംസ്ഥാ നമാണ്. ഈ സംസ്ഥാനത്തിൽ ലായൽപൂർ എന്നൊരു

ജില്ലയുണ്ട്. ഇതിൽ വംഗാ എന്ന പേരായ ഗ്രാമത്തിലാണ് ഭഗത്സിംഗ് ഭൂജാതനായതു്. 1907 ഒക്ടോബർ 7-ാം തിയ്യതിയാണ് അദ്ദേഹത്തിൻെറ ജനനം.

കുട്ടി പിറന്ന ദിവസം കുടുംബത്തിൽ ഒരു വലിയ ആനന്ദോത്സവമായിരുന്നു. ഗൃഹത്തിലെ സകല അംഗങ്ങളും അതീവ സന്തുഷ്ടരായി കാണപ്പെട്ടു. ഇതിന്ന് ഒരു പ്രധാന കാരണമുണ്ടായിരുന്നു. ഭഗത്സിംഗിൻെറ ചെറിയച്ഛനെ അന്നാണ് മാണ്ഡലേ ജെയിലിൽനിന്ന് വിമോചിപ്പിച്ചത്. മാത്രമല്ല അച്ഛൻ അന്ന് ലാഹോറിൽ വരുന്നുണ്ടെന്ന് വിവരം ലഭിയ്ക്കുകയും ചെയ്തിരുന്നു.

## നാമകരണം.

ഭഗത്സിംഗിൻെറ കുടുംബം മുഴുവൻ ദേശഭക്തരായിരുന്നു. ചെറിയച്ഛനായ അജിത്സിംഗിനെ രാജദ്രോഹക്കുററത്തിന്ന് ബ്രിട്ടീഷുഗവമ്മെണ്ട് ബമ്മയിലെ മാണ്ഡലേ ജയിലിലേയ്ക്കു അയച്ചു. അച്ഛനെ നേപ്പാളിലേയ്ക്ക് നാടുകടത്തിയിരുന്നു. ഭഗത്സിംഗിൻെറ ജനനദിവസമാണ് അച്ഛൻ നേപ്പാൾവാസം കഴിഞ്ഞ് ലാഹോറിൽ തിരിച്ചെത്തിയതും ചെറിയച്ഛനെ മാണ്ഡലേ ജെയിലിൽനിന്ന് വിമുക്തനാക്കിയെന്ന വിവരം ലഭിച്ചതും. തന്നിമിത്തം ഭഗത്സിംഗിനെ ഭാഗോംവാലാ (ഭാഗ്യവാൻ) എന്ന് അദ്ദേഹത്തിൻെറ മാതാവു് വിളിച്ചുതുടങ്ങി. ആ പേര് പിന്നീട് ഭഗത്സിംഗ് എന്നായിത്തീരുകയും ചെയ്തു.

## കുടുംബം

ഇദ്ദേഹത്തിൻെറ കുടുംബത്തിലെ പൂർവ്വികന്മാർ പാർത്തുവന്നിരുന്നതു് പഞ്ചാബിലെ ഹോഷിയർപൂർ എന്ന

സ്ഥലത്തായിരുന്നു. പിന്നീട് ലായൽപൂരിൽവന്ന് താമസംതുടങ്ങി. ലായൽപൂരിൽ ഒരു പുതിയ തോട് വെട്ടിയിരുന്നു. അതുകൊണ്ട് കൃഷിചെയ്യുവാൻ വളരെ സൌകര്യം ലഭിച്ചു. തന്നിമിത്തമാണ് ഭഗത്സിംഗിൻെറ കുടുംബക്കാർ പഴയ സ്ഥലംവിട്ട് ലായൽപൂരിൽ വന്ന് താമസംതുടങ്ങിയത്. ഈ ഗ്രാമത്തിൽ സിക്കുകാരൊഴിച്ച് മററുയാതൊരു സമുദായക്കാരും പാർത്തിരുന്നില്ല.

ഭഗത്സിംഗിൻെറ കുടുംബം പുരാതനകാലത്തു തന്നെ പ്രശസ്തിയാർജ്ജിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഒരു പൂർവ്വികൻ രഞ്ജിത് സിംഗിൻെറ കാലത്ത് ഖാൽസാ സർദാർ എന്ന ബഹുമതി നേടീട്ടുണ്ടായിരുന്നു. സിക്കുരാഷ്ട്രം സ്ഥാപിക്കുന്നതിൽ അവർക്ക് വലിയ പങ്കുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നുണ്ട്. അതിനുവേണ്ടി വളരെ ധീരകൃത്യങ്ങൾ അവർ ചെയ്തിട്ടുണ്ടായിരുന്നുവത്രെ. തൽഫലമായി അവർക്ക് നിരവധി രാജസമ്മാനങ്ങൾ ലഭിക്കുകയുമുണ്ടായിട്ടുണ്ട്.

ഭഗത്സിംഗിൻെറ മുത്തശ്ശനായ സർദാർ അർജ്ജുൻസിംഗ് ഒരു വലിയ ജമീന്ദാരായിരുന്നു. ജയകോർ എന്നായിരുന്നു അദ്ദേഹത്തിൻെറ ഭാര്യയുടെ പേർ. സുപ്രസിദ്ധ വിപ്ലവകാരിയായ അംബാപ്രസാദ് സൂഫി ഇദ്ദേഹത്തിൻെറ ഗൃഹത്തിൽ പലപ്പോഴും വരാറുണ്ടായിരുന്നു. അർജ്ജുൻസിംഗിന്നും പത്നിക്കും അംബാപ്രസാദിനോട്ട് അതിരററ സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. അംബാപ്രസാദിൻെറ സമ്പക്കത്താലാണ് അർജ്ജുൻസിംഗ് ദേശഭക്തനായിത്തീന്നത്. അദ്ദേഹത്തിൻെറ പത്നിയും ദേശ

ഭക്തയായിത്തീൻ. ഒരു വീര മഹിളയായിരുന്നു അവർ. ഭാരതീയ സ്ത്രീകൾക്കുവേണ്ട സവ്വ ഗുണങ്ങളും അവക്കുണ്ടായിരുന്നു. ഒരിക്കൽ അംബാപ്രസാദ് സൂഫി ഇവരുടെ ഗൃഹത്തിൽ ഉള്ള സമയത്ത് പോലീസുകാർ അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ട് അവിടെ എത്തി. അപ്പോൾ ഈ സ്ത്രീരത്നം വളരെ ധീരതയോടെ പ്രവത്തിച്ചതുകൊണ്ടാണ് അന്ന് അംബാപ്രസാദിന്ന് രക്ഷപ്പെടുവാൻ സാധിച്ചത്.

സർദാർ അജ്ജുൻസിംഗിന്ന് മൂന്നു പുത്രന്മാർ ഉണ്ടായിരുന്നു. ഇവർ സർദാർ കിശൻസിംഗ്, സർദാർ അജിത്സിംഗ്, സർദാർ സൂർബൽസിംഗ് എന്നിവരായിരുന്നു. ഈ മൂന്നു സഹോദരന്മാരും പഞ്ചാബിൽ ദേശസ്നേഹത്തിന്ന് കേൾവിപ്പെട്ടിരുന്നു. ഒരുധനിക കുടുംബത്തിലാണ് അവർ ജനിച്ചത്. പണത്തിന്ന് യാതൊരു ദൌർല്ലഭ്യവും അവക്കുണ്ടായിരുന്നില്ല. എന്നിരുന്നാലും ആഡംബരപൂണ്ണമായ ജീവിതത്തെക്കാൾ അവർഇഷ്ടപ്പെട്ടത് കഷ്ടപ്പാടും ബുദ്ധിമുട്ടും നിറഞ്ഞ ദേശസേവനത്തേയാണ്.

ലാലാലജപത്റായിയെ രാഷ്ട്രീയ രംഗത്തിലേയ്ക്ക് ആകഷിച്ചതു് സർദാർ അജിത്സിംഗാണെന്ന് പറയപ്പെടുന്നു. അജിത്സിംഗും കിശൻസിംഗും കല്ക്കത്ത കോൺഗ്രസ്സ് സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. ലോകമാന്യതിലകൻെറ പ്രസംഗം അവരെ അത്യധികം ആകഷിച്ചു. അവിടെനിന്ന് മടങ്ങിയതിൻശേഷം ഇവർ പഞ്ചാബിൽ രാഷ്ട്രീയപ്രവത്തനം ചെയ്യുവാൻ തുടങ്ങി. പഞ്ചാബു മുഴുവൻ ഇവർ രാഷ്ട്രീയ പ്രബുദ്ധത വളത്തികൊണ്ടിരുന്നു.

ഇക്കാലത്ത് അതായത് 1904-05ൽ ബങ്കാറം വിഭജനമുണ്ടായി. ഇതിനെതിരായി ഇന്ത്യ മുഴുവൻ ഏങ്കോപിച്ച് പ്രക്ഷോഭം നടത്തി. അജിത്സിംഗ്, കിശൻസിംഗ്, സുർബൽസിംഗ് എന്നീ മൂന്നു സഹോദരന്മാരും പ്രക്ഷോഭത്തിൽ പങ്കെടുത്തു. ആവേശകരങ്ങളായ പ്രഭാഷണങ്ങറംകൊണ്ട് അവർ ജനസാമാന്യത്തെ ഇളക്കിത്തീൎത്തു. അങ്ങിനെ അവർ ഗവമ്മെണ്ടിൻെറ മദ്ദനനടപടികറംക്ക് വിധേയരായിത്തീരുകയും അറസ്ററു ചെയ്യപ്പെടുകയും ചെയ്തു. സർദാർ സുർബൻസിംഗ് ജെയിലിൽവെച്ച് മൃതിയടഞ്ഞു. അജിത്സിംഗിനെ മാണ്ഡലയിലേയ്ക്കയച്ചു. ഭഗത്സിംഗിൻെറ ജനനദിവസമാണ് അദ്ദേഹത്തെ വിമോചിപ്പിച്ചത്. സർദാർ കിശൻസിംഗിനും തക്കതായ ശിക്ഷ ലഭിച്ചു.

കിശൻസിംഗ് ബോമ്പെയിലെ ഒരു ഇൻഷൂറൻസ് കമ്പനിയുടെ ഏജണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഓഫീസ് ലാഹോറിലെ ലുഹാരീകവാടത്തിലുള്ള ഒരു കെട്ടിടത്തിൽ ആയിരുന്നു. ഭഗത്സിംഗിൻെറ പല സ്നേഹിതന്മാരും അച്ഛൻെറ ഈ ഓഫീസിൽ വന്നു താമസിയ്ക്കുക പതിവാണ്. വേറെ പലരും അവിടെ വരാറുണ്ടായിരുന്നു.

സർദാർ അൎജ്ജുനൻസിംഗ് മതവിശ്വാസിയായ ഒരു വ്യക്തിയായിരുന്നു. സിക്കുകാരനായിട്ടുകൂടി ആര്യസമാജക്കാരനേപ്പോലെയാണ് അദ്ദേഹം കഴിഞ്ഞത്. ദിവസേന അദ്ദേഹം ഹവനം ചെയ്യാറുണ്ട്. എവിടെ പോകുമ്പോഴും ഹവനകുണ്ഡവും ഹവനസാമഗ്രികളും ഒന്നിച്ചു കൊണ്ടുപോകാറുണ്ട്. എന്നാൽ മതഭക്തനായിട്ടുകൂടി അദ്ദേഹം അന്ധ

വിശ്വാസിയായിരുന്നില്ല. ഒരിക്കൽ ഗ്രാമത്തിലെ ജനങ്ങൾ മുഴുവൻ വിരോധിച്ചിട്ടുകൂടി അദ്ദേഹം ആര്യസമാജത്തിൻെറ വകയായി ഒരു യോഗം നടത്തി. അപ്രകാരംതന്നെ സമുദായത്തിൻെറ മുഴുവൻ വെറുപ്പു സമ്പാദിച്ചിട്ടാണ് പുകയില കൃഷി ചെയ്തതു്. സിക്കസമുദായക്കാൎക്ക് പുകയിലക്കൃഷി നിഷിദ്ധമാണത്രെ. എന്നാൽ നല്ല വരുമാനമുള്ള ഒരു കൃഷിയായിരുന്നു അതു്. വെറും അന്ധവിശ്വാസംകൊണ്ടു മാത്രമാണ് സിക്കുകാർ അതു ചെയ്യാതിരുന്നതു്. അൎജ്ജുൻസിംഗ് ആദ്യമായി അതു നടത്തുകതന്നെ ചെയ്തു.

## ബാല്യകാലം.

മുകളിൽ പ്രസ്താവിച്ച സംഗതികളിൽനിന്ന് ഭഗത് സിംഗിൻെറ കുടുംബം അന്ധവിശ്വാസജടിലമല്ലെന്ന് തെളിഞ്ഞുവല്ലോ. അതിനാൽ സ്വതന്ത്രമായ ഒരു അന്തരീക്ഷത്തിൽ വളൎന്നുവന്ന ഭഗത്സിംഗ് ഒരു വിപ്ലവകാരിയായി തീൎന്നതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളതു്? കുടുംബം മുഴുവൻ രാഷ്ട്രീയകാൎയ്യങ്ങളിൽ അതിയായ താല്പൎയ്യം പ്രദൎശിപ്പിച്ചിരുന്നുവെങ്കിലും പൊതുസംസ്കാരം ആൎയ്യസമാജത്തിൻെറ ആദൎശങ്ങളിൽ അധിഷ്ഠിതമായിരുന്നു. എന്നാൽ അന്നത്തെ ആൎയ്യസമാജം ഇന്നത്തേപ്പോലെ ജീൎണ്ണിച്ചതും അന്ധവിശ്വാസപൂൎണ്ണവുമായിരുന്നില്ല. വേദങ്ങളുടെ ഭാഷാന്തരീകരണവും ഇസ്ലാംമതവിദ്വേഷവും സ്വാമി ദയാനന്ദിന്ന് ജയഘോഷം മുഴക്കലുമായിരുന്നില്ല അന്നത്തെ ആൎയ്യസമാജത്തിൻെറ പ്രവൎത്തനങ്ങൾ. അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളെയും എതിൎത്തു നശിപ്പിയ്ക്കുന്നതിനാണ് അന്ന്

ആര്യസമാജക്കാർ അധികസമയവും ചിലവാക്കിയിരുന്നതു്. പ്രസ്തുത പ്രക്ഷോഭത്തിൻെറ അലകൾ അന്ന് പഞ്ചാബ് മുഴുവൻ വ്യാപിച്ചിരുന്നു. അങ്ങിനെ ഭഗത് സിംഗിൻെറ കുടുംബവും ആര്യസമാജത്തിൻെറ ആദശ്ങ്ങളാൽ ആകൃഷ്ടമായി ത്തീൻ്നു. പ്രസ്തുത അന്തരീക്ഷത്തിൽ വളൻ്നുവന്ന ഭഗത് സിംഗിൽ വിപ്ലവമനസ്ഥിതി വേരുറയ്ക്കുകയും കുട്ടിക്കാലം തൊട്ടുതന്നെ സ്വാതന്ത്ര്യമായി അദ്ദേഹം ചിന്തിച്ചുതുടങ്ങുകയും ചെയ്തു. പ്രസ്തുത സ്വാതന്ത്ര്യചിന്തനമാണ് അദ്ദേഹത്തിൻെറ ജീവിതത്തിന്ന് ഒരു വഴിതിരിവുണ്ടാക്കിയതു്.

സർദാർ ഭഗത് സിംഗിൻെറ അമ്മ അദ്ദേഹം കുട്ടിയായിരുന്ന കാലത്തുതന്നെ പരലോകപ്രാപ്തയായി. അതിനാൽ സർദാർ അജ്ജുൻസിംഗിൻെറ പത്നി—അദ്ദേഹത്തിൻെറ മുത്തശ്ശി—യാണു് വളത്തിയത്. അവർ ഇദ്ദേഹത്തെ ഭാഗ്യവാൻ എന്നു വിളിച്ചുവന്നു. അത്യധികം സ്നേഹത്തോടെയാണ് ഭഗത് സിംഗിനെ അവർ നോക്കി വളത്തിയത്.

കുട്ടിക്കാലത്തുതന്നെ ഭഗത് സിംഗിന്ന് ഗായത്രിമന്ത്രം മനഃപ്പാഠമായിക്കഴിഞ്ഞിരുന്നു. "മുളയിലറിയാം വിള" എന്ന പഴമൊഴി അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം തികച്ചും അത്ഥവത്തായി അനുഭവപ്പെട്ടു. ബാല്യംതൊട്ട് നേതൃത്വത്തിന്നുള്ള ആഗ്രഹം അദ്ദേഹം പ്രദശ്പ്പിയ്ക്കുകയുണ്ടായി. ശിവാജിയെപ്പോലെ കൂട്ടുകാരൊന്നിച്ച് യുദ്ധം ചെയ്യുക, സൈന്യങ്ങളെ പരിശീലിപ്പിയ്ക്കുക തുടങ്ങിയ കളികളാണ് അദ്ദേഹം കളിച്ചിരുന്നത്. ഭഗത് സിംഗ് ബാലനായിരുന്ന

കാലത്ത് ഒരു ദിവസം ലാലാബിൻഡീദാസ് അദ്ദേഹത്തോട് ചോദിയ്ക്കുകയുണ്ടായി. "നീ വലുതായാൽ എന്തു ചെയ്യാനാണ് ഇഷ്ടപ്പെടുന്നതു്?" ഭഗത്സിംഗ് നിസ്സങ്കോചം മറുപടി പറഞ്ഞു:—"ഞാൻ വലുതായാൽ തോക്കുകൾ വില്ക്കുവാനാണ് ഇഷ്ടപ്പെടുന്നതു്."

## വിദ്യാഭ്യാസം.

തൻെറ ഗ്രാമമായ വംഗായിലെ ഒരു എലിമെണ്ടറി സ്കൂളിലാണ് ഭഗത്സിംഗ് പ്രാഥമികവിദ്യാഭ്യാസം നേടിയതു്. ജ്യേഷ്ഠനൊന്നിച്ചായിരുന്നു സ്കൂളിൽ പോയിരുന്നതു്. ഇവിടുത്തെ പഠിപ്പ് പൂർത്തിയാക്കിയതിനുശേഷം ലാഹോറിലെ ദയാനന്ദ ആംഗ്ലോവൈദികവിദ്യാപീഠത്തിൽ ചേൎന്നു. ഇവിടെ എൻട്രൻസിൽ എത്തുന്നതിന്നു മുമ്പായി നിസ്സഹകരണപ്രസ്ഥാനം പൊട്ടിപ്പുറപ്പെട്ടു അന്ന് ഒമ്പതാംക്ലാസ്സിലായിരുന്നു പഠിച്ചിരുന്നതു്. ഭഗത്സിംഗ് വിദ്യാലയം വിട്ടു. പിന്നീട് ലാഹോറിൽ രാഷ്ട്രീയവിദ്യാപീഠം തുറന്നപ്പോൾ അതിൽ ചേൎന്നു.

ഇക്കാലത്ത് ഭഗത്സിംഗിൻെറ മററു കൂട്ടുകാരായ യശപാൽ, സുഖദേവ് തുടങ്ങിയവർ അദ്ദേഹത്തേക്കാൾ ഉയൎന്ന ക്ലാസ്സിലായി. നിസ്സഹകരണപ്രസ്ഥാനത്തിൽ ചേൎന്ന അദ്ദേഹത്തിൻെറ ഒരു കൊല്ലം പാഴായിപ്പോയല്ലൊ. തൻെറ പ്രിയമിത്രങ്ങളില്ലാതെ ക്ലാസ്സിൽ കഴിച്ചുകൂട്ടുന്നത് അദ്ദേഹത്തിന്ന് ദുഷ്കരമായിത്തോന്നി. ഡി. എ. വി. കോളേജിൽ സംസ്കൃതത്തിൽ അദ്ദേഹം വളരെ പിന്നാണിയിലായിരുന്നു. ഇക്കാലത്ത് ഗൃഹസംബന്ധമായ പല കാൎയ്യ

ങ്ങളും അദ്ദേഹത്തിന്ന് നോക്കേണ്ടതുണ്ടായിരുന്നു. കൂട്ടുകാരുടെ അഭാവവും സമയദൌർല്ലഭ്യവും അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. അങ്ങിനെ ഭഗത്സിംഗ് പഠിത്തമുപേക്ഷിയ്ക്കുകയും ചെയ്തു.

എന്നാൽ ഡിഗ്രി സമ്പാദിയ്ക്കലും വ്യക്തിത്വവും തമ്മിൽ വലിയ അന്തരമുണ്ട്. അക്കാലത്ത് ഭഗത്സിംഗ് വളരെ രഹസ്യമായി ലേഖനങ്ങൾ എഴുതിവരാറുണ്ടായിരുന്നു. ഈ ലേഖനങ്ങളെ അദ്ദേഹം മററുള്ളവർക്ക് കാണിച്ചുകൊടുത്തിരുന്നില്ല. അതേ കൊല്ലമാണ് ഹിന്ദി സാഹിത്യസമ്മേളനത്തിൻെറ ഉത്ഭവം പഞ്ചാബിൽ ഉണ്ടായത്. "ഹിന്ദിയുടെ അഭിവൃദ്ധി" എന്ന ശീർഷകത്തിൽ ഏററവും നല്ല ലേഖനം അയച്ചുകൊടുക്കുന്നവർക്ക് അമ്പതുറുപ്പിക പുരസ്കാരം നല്കുന്നതാണെന്ന് സാഹിത്യസമ്മേളനഭാരവാഹികൾ വിളംബരം ചെയ്തു. ഭഗത്സിംഗ് രഹസ്യമായി ഒരു ലേഖനമെഴുതി അയച്ചു. ഈ മത്സരപരീക്ഷയിൽ ഒന്നാം സമ്മാനത്തിന്ന് അർഹരായ മൂന്നു വ്യക്തികളിൽ ഒരാൾ ഭഗത്സിംഗായിരുന്നു.

കോളേജുവിദ്യാഭ്യാസത്തിൽ പ്രതിഭാ സമ്പന്നനല്ലാതിരുന്നിട്ടുപോലും ഭഗത്സിംഗിന്ന് എഴുതാനും വായിപ്പാനും വളരെ താല്പര്യമായിരുന്നു. എഴുത്തും വായനയും കൂടാതെ അദ്ദേഹത്തിന്ന് കഴിച്ചുകൂട്ടുവാൻ ഞെരുക്കമായിരുന്നു. രാഷ്ട്രീയവിദ്യാപീഠത്തിൽവെച്ച് അദ്ദേഹത്തിന്ന് വിവിധരാജ്യങ്ങളുടെ രാഷ്ട്രീയവും ഭരണസംബന്ധവുമായ ചരിത്രം പഠിയ്ക്കുന്നതിന്നുള്ള അവസരം ലഭിച്ചു. ഈ അറിവിനെ അദ്ദേഹം ഭംഗിയായി ഉപയോഗപ്പെടുത്തുകയും ചെയ്തു.

1129

ഇംഗ്ലീഷുഭാഷയിൽ ഏതു ബി. എ. ക്കാരനേയും കവിച്ചു വെയ്ക്കുന്ന സ്വാധീനത അദ്ദേഹത്തിന്നുണ്ടായിരുന്നു. ഇക്കാലത്ത് അദ്ദേഹം സോഷ്യലിസത്തേയും റഷ്യൻ വിപ്ലവത്തിയും സംബന്ധിച്ച് നിരവധി പുസ്തകങ്ങൾ വായിച്ചു. തനിയ്ക്കു രുചിച്ച ഗ്രന്ഥങ്ങളെ അദ്ദേഹം പലവുരു വായിയ്ക്കാറുണ്ടായിരുന്നു. അത്തരം ഉത്തമപുസ്തകങ്ങളുടെ ഓരോ പേജും ഹൃദിസ്ഥമാക്കുക എന്നത് അദ്ദേഹത്തിന്നൊരു വിനോദമായിരുന്നു. യുവാക്കളിൽ രാഷ്ട്രീയബോധം വളർത്തുന്നതിന്നുവേണ്ടി ഭഗത്സിംഗ് ഒരു യുവജനസമിതി സ്ഥാപിച്ചു. ഈ സമിതിയിൽ അദ്ദേഹം തന്റെ കഴിവുകളെ തികച്ചും ഉപയോഗപ്പെടുത്തി. യുവജനങ്ങളുടെ കണ്ണിലുണ്ണിയായിത്തീർന്നു അദ്ദേഹം.

## നിസ്സഹരണപ്രസ്ഥാനം.

ഭഗത്സിംഗ് ദയാനന്ദ ആംഗ്ലോ വൈദിക വിദ്യാലയത്തിൽ പഠിച്ചിരുന്ന അവസരത്തിലാണ് നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. അന്ന് അദ്ദേഹം ഒമ്പതാംക്ലാസ്സിലാണ് പഠിച്ചിരുന്നത്. ഒരു ഭാഗത്ത് ഇന്ത്യൻ സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരിയ്ക്കുമ്പോൾ സ്കൂളിൽ പോകുവാൻ അദ്ദേഹത്തിന്ന് സാധിച്ചില്ല. അങ്ങിനെ പഠിത്തമുപേക്ഷിച്ചു, നിസ്സഹകരണ പ്രസ്ഥാനത്തെ സഹായിയ്ക്കുവാൻ തെയ്യാറായി മുന്നോട്ടു വന്നു. നാടെങ്ങും കോൺഗ്രസ്സിന്റെ സന്ദേശം പ്രചരിപ്പിച്ചുതുടങ്ങി. എന്നാൽ ഈ പ്രക്ഷോഭം വളരെ കാലത്തേയ്ക്കു നീണ്ടുനിന്നില്ല. അതിന് ഒരു മാന്ദ്യം സംഭവിച്ചു. ഇതുകണ്ട് ഭഗത്സിംഗ് വീണ്ടും രാഷ്ട്രീയ വിദ്യാപീഠത്തിൽ വന്നുചേർന്നു.

## ഗുരുദ്വാരപ്രക്ഷോഭം.

ഇദ്ദേഹം പഠിയ്ക്കുന്ന കാലത്താണ് പഞ്ചാബിൽ ഗുരുദ്വാരപ്രക്ഷോഭം ആരംഭിച്ചത്. ഈ പ്രക്ഷോഭം മതപരിഷ്കരണത്തെ മുൻനിൎത്തി നടത്തപ്പെട്ടു. സിക്കു മഠാധിപന്മാൎക്കും പുരോഹിതന്മാൎക്കും എതിരായിട്ടാണ് ഇതു നടന്നതു്. മഠങ്ങളിൽ ജനങ്ങൾ സംഭാവനയായി നല്കിയ നിരവധി സമ്പത്തുണ്ടായിരുന്നു. മഠാധിപന്മാരായ പുരോഹിതന്മാർ ഈ സമ്പത്തിനെ സ്വന്തം സ്വാൎത്ഥത്തിന്നുവേണ്ടി ധൂൎത്തടിച്ചുപോന്നു. അവർ ആഡംബരത്തിൽ മുഴുകി ജീവിച്ചു. ഗവൎമ്മേണ്ട് അവൎക്കു പിൻതുണ നല്കുകയും ചെയ്തു. എന്നാൽ ജനങ്ങൾക്കിതു കണ്ടുപൊറുപ്പാൻ സാധിച്ചില്ല അവർ പ്രക്ഷോഭം കൂട്ടിത്തുടങ്ങി. അതമൎത്തുവാൻ ഗവൎമ്മേണ്ട് ഭീകരമായ മൎദ്ദനനടവടികൾ ആരംഭിച്ചു. നിസ്സഹരണപ്രസ്ഥാനത്തോടു കൈക്കൊണ്ട മൎദ്ദനവിധികൾ ഇതിൻെറ മുമ്പിൽ നിഷ്പ്രഭമായിത്തീൎന്നു.

ഭഗത്സിംഗിൻെറ ഹൃദയത്തിൽ വിപ്ലവത്തിൻെറ കൊടുങ്കാററ് വീശുവാൻ തുടങ്ങി. ഗവൎമ്മേണ്ടിൻെറ നിൎദ്ദയമായ നടവടികളും സത്യാഗ്രഹികളുടെ അനുപമമായ ത്യാഗവും അദ്ദേഹത്തെ വല്ലാതെ ഇളക്കിത്തീൎത്തു. ഭഗത്സിംഗിന്നു മതഭക്തിയൊന്നുമുണ്ടായിരുന്നില്ല. കുട്ടിക്കാലം തൊട്ടുതന്നെ മുടിവളൎത്തുക എന്ന ചടങ്ങ് അദ്ദേഹം അംഗീകരിച്ചില്ല. ദയാനന്ദ ആംഗ്ലൊ വൈദികകോളേജിലാണ് അദ്ദേഹം വിദ്യാഭ്യാസം ചെയ്തതു്. ഇങ്ങിനെയെല്ലാമായിരുന്നിട്ടും ഗുരുദ്വാരപ്രക്ഷോഭത്തിൽ അദ്ദേഹത്തിന്നു താല്പൎയ്യം ജനിച്ചു. കാരണം അത് മഠാധിപന്മാൎക്കും ഗവൎമ്മേണ്ടിന്നുമെതിരായിരുന്ന ഒരു പ്രക്ഷോഭമായിരുന്നു. എന്നാൽ പി

ന്നിട്ട് അതിൽ മതത്തിൻെറയും വർഗ്ഗീയതയുടെയും ചുവ ക ണ്ടപ്പോൾ ഭഗത്സിംഗ് അതിൽനിന്ന് ഒഴിഞ്ഞുമാറുകയു ണ്ടായി.

## ബബ്ബർ അകാലിസംഘടന.

നിസ്സഹകരണ പ്രസ്ഥാനം നടന്നുകൊണ്ടിരിയ്ക്കുന്ന അവസരത്തിൽതന്നെ ഭഗത്സിംഗ് സ്വരാജ്യസ്നേഹിയായിക്കഴിഞ്ഞിരുന്നു. പ്രസ്ഥാനം മന്ദീഭവിച്ചപ്പോൾ രഹസ്യവിപ്ലവസംഘങ്ങളുമായി അദ്ദേഹം സമ്പൎക്കം പുലത്തിപ്പോന്നു. പഞ്ചാബിൽ അക്കാലത്ത് "ബബ്ബർ അകാലി" എന്ന ഒരു സംഘടന രൂപമെടുത്തുവരികയായിരുന്നു. ഇതിൽ ധീരന്മാരും ആത്മസമൎപ്പണം ചെയ്യാൻ സന്നദ്ധതയുള്ളവരുമായ യുവാക്കളെ മാത്രമെ അംഗങ്ങളായി എടുത്തിരുന്നുള്ളു. അവർ ദേശഭക്തന്മാരും ത്യാഗികളുമായിരുന്നു. ഇക്കാലത്താണ് ഭഗത്സിംഗിൻെറ പിതാവായ കിശൻസിംഗിനെ ഇന്ത്യൻ രാജ്യരക്ഷാനിയമപ്രകാരം തടങ്ങലിൽ വെച്ചത്. വിപ്ലവകാരികൾക്ക് സഹായം നല്കി എന്ന കുററമാണ് അദ്ദേഹത്തിൻെറ പേരിൽ ആരോപിച്ചിരുന്നത്. ബബ്ബർ അകാലിസംഘത്തോട് ഭഗത്സിംഗിന്ന് അനുഭാവം തോന്നി. അദ്ദേഹം അതിലൊരു അംഗമായിത്തീരുകയും ചെയ്തു.

കുറച്ചുകാലത്തിനുള്ളിൽ പോലീസുകാൎക്ക് ഈ സംഘത്തെപ്പററിയുള്ള വിവരം ലഭിച്ചു. കൂട്ടത്തോടെ അറസ്റ്റുകൾ തുടങ്ങി. ജയിലിൽ കിടന്ന് നരകിയ്ക്കുവാൻ ഭഗത്സിംഗ് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം പഞ്ചാബുവിട്ട് ഓടിപ്പോകാൻ തീരുമാനിച്ചു. അങ്ങിനെ ഒരു ദിവസം പുറത്തുപോകുകയും ചെയ്തു.

## ഗൃഹത്യാഗം.

വീടുവിടുവാനുണ്ടായ ഒരു കാരണം മേൽപ്രസ്താവിച്ചുവല്ലോ. ഇതിനേക്കാൾ പ്രധാനമായ മറെറാരു കാരണംകൂടിയുണ്ടായിരുന്നു. വിവാഹകാര്യമായിരുന്നു അത്. വീട്ടുകാർ അദ്ദേഹത്തെക്കൊണ്ട് വിവാഹം കഴിപ്പിയ്ക്കുവാൻ ആഗ്രഹിച്ചു. എന്നാൽ ഭഗത്സിംഗിന്ന് അത് സമ്മതമുണ്ടായിരുന്നില്ല. പെട്ടെന്ന് ഒരു വിവാഹബന്ധത്തിൽ കുടുങ്ങുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല. എന്നാൽ വീട്ടുകാരാകട്ടെ ഭഗത്സിംഗ് പറഞ്ഞത് കണക്കാക്കാതെ വിവാഹത്തിന്നുവേണ്ട ഏപ്പാടുകളെല്ലാം ചെയ്തുതുടങ്ങി. വീട്ടിൽ താമസിയ്ക്കുന്നപക്ഷം തൻെറ ആഗ്രഹത്തിന്ന് വിരുദ്ധമായി വിവാഹബന്ധത്തിൽ ഏപ്പെടുവാൻ നിർബ്ബന്ധിതനായിത്തീരുമെന്ന് മുൻകൂട്ടി കണ്ടറിഞ്ഞ ഭഗത്സിംഗ് ഒരു ദിവസം ആരോടും മിണ്ടാതെ വീടുവിട്ടിറങ്ങി. പിന്നീടദ്ദേഹം അച്ഛന് ഒരു കത്തെഴുതി. ആ കത്തിൽ നിർബ്ബന്ധമായി തന്നേക്കൊണ്ട് വിവാഹം ചെയ്യിയ്ക്കുവാൻ പുറപ്പെട്ടതുകൊണ്ടാണ് താൻ ഗൃഹത്യാഗം ചെയ്തതെന്നു പ്രസ്താവിച്ചിരുന്നു.

## ഉദ്യോഗം.

ഭഗത്സിംഗ് വളരെ ദിവസം ചുററിത്തിരിഞ്ഞു, ഒടുവിൽ കാൺപൂരിലെത്തിച്ചേന്നു. അവിടെവെച്ച് ഗണേശശങ്കർ വിദ്യാത്ഥിയുമായി പരിചയപ്പെട്ടു. വിദ്യാത്ഥിയോടു തൻെറ ചരിത്രം മുഴവൻ പറഞ്ഞുകൊടുത്തു. ഭാവി ജീവിതം ദേശസേവനത്തിന്നുവേണ്ടി ഉഴിഞ്ഞിടുവാൻ താൻ

ആഗ്രഹിയ്ക്കുന്നുവെന്നും ഭഗത്സിംഗ് അദ്ദേഹത്തോടു പറഞ്ഞു. ദിനവൃത്തി കഴിച്ചുകൂട്ടുവാൻ ഒരു ചെറിയ ജോലി കിട്ടിയാൽ കൊള്ളാമെന്ന് അദ്ദേഹം വിദ്യാൎത്ഥിയോടപേക്ഷിച്ചു. വിദ്യാൎത്ഥി സ്വയം അദ്ദേഹത്തിന്നു വേണ്ട സകല സൌകൎയ്യങ്ങളും നല്കാമെന്നു പറഞ്ഞു. പക്ഷെ ഭഗത്സിംഗ് അത് സ്വീകരിച്ചില്ല. സ്വന്തം അദ്ധ്വാനംകൊണ്ട് ദിനവൃത്തി കഴിച്ചുകൂട്ടുവാനാണ് താൻ ആഗ്രഹിയ്ക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. അതിനാൽ "പ്രതാപ്" എന്ന പത്രത്തിൻെറ പത്രാധിപസമിതിയിൽ ഭഗത്സിംഗിന്ന് ഒരു ജോലി ഉണ്ടാക്കികൊടുത്തു. ഇവിടെ തൻെറ പേരു മാററി അദ്ദേഹം പ്രവൎത്തിയ്ക്കുവാൻ തുടങ്ങി. ബലവന്ത് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടത്. പ്രതാപിൻെറ പത്രാധിപസമിതിയിൽ ജോലി ചെയ്യുക നിമിത്തം ഹിന്ദിഭാഷയെ നല്ലപോലെ കൈകാൎയ്യം ചെയ്യാനുള്ള കഴിവ് അദ്ദേഹത്തിന്നുണ്ടായി. ശുദ്ധമായ ഹിന്ദിയിൽ അദ്ദേഹം എഴുതിത്തുടങ്ങി.

ഒളിവിലുള്ള കാലത്ത് കോൺപൂരിൽ തുറക്കപ്പെട്ട ഒരു രാഷ്ട്രീയവിദ്യാലയത്തിൽ പേരു മാററി ഭഗത്സിംഗ് കുറച്ചുകാലം പ്രവൎത്തിയ്ക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ അധികകാലം അവിടെ നിന്നില്ല. കുറച്ചുദിവസത്തേയ്ക്ക് അദ്ദേഹത്തിന്ന് വളരെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. കാക്കൊരി കേസ്സിന്നുശേഷമുണ്ടായ സംഘട്ടനത്തിൻെറ കാലത്ത് കൂടുതൽ വിഷമങ്ങൾ നേരിട്ടു. അന്നും അദ്ദേഹം കാൺപൂരിൽ തന്നെയായിരുന്നു. പ്രതാപിൽ ജോലിയായതിന്നുശേഷം ആദ്യമെല്ലാം പത്രങ്ങൾ വില്പന

റാടത്തീട്ടാണ് അഹോവൃത്തി കഴിച്ചിരുന്നത്. ഇക്കാലത്ത്-ത്തലയിൽ ഒരു തൊപ്പിപോലുമില്ലാതെ അദ്ദേഹം ജീവിച്ചു. ഉടുപ്പുകൾ കീറിപ്പൊളിഞ്ഞിരുന്നു. ഒരിക്കൽ പൈജാമയുടെ കാൽമുറിച്ച് ഷർട്ടിന്ന് തുന്നിപ്പിടിപ്പിയ്ക്കുകപോലും ചെയ്തിട്ടുണ്ട്. എന്നാൽ അന്നും അദ്ധ്യയനവൃത്തി തുടൎന്നുപോന്നു. അന്ന് അദ്ദേഹം വായിച്ചതുപോലെ അദ്ദേഹത്തിന്റെ കൂട്ടുകാർ നല്ലകാലത്തുപോലും വായിച്ചിട്ടുണ്ടോ എന്ന് സംശയമാണ്.

ഒളിവിലുള്ള കാലത്ത് അൎജ്ജുൻ എന്ന ദിനപത്രത്തിലും കുറച്ചുകാലം ഭഗത്സിംഗ് ജോലി ചെയ്യുകയുണ്ടായിട്ടുണ്ട്. ഡൽഹിയിൽ നിന്നായിരുന്നു ആ പത്രം പുറപ്പെട്ടിരുന്നതു്. സഹപത്രാധിപരായിട്ടാണ് അദ്ദേഹം അവിടെ ജോലി ചെയ്തതു്. അക്കാലത്ത് ഒരു ദിവസം രസകരമായ ഒരു സംഭവമുണ്ടായി. "ഡിഫെക്ട്നേഷൻ"ന്റെ പത്രാധിപർ ലാഹോറിൽ വരുന്നുണ്ടെന്ന ഒരു വാൎത്താശകലം അദ്ദേഹം വിവൎത്തനം ചെയ്കയായിരുന്നു. ഡിഫെക്ട്നേഷൻ എന്ന ഇംഗ്ലീഷുപദത്തെ ഹിന്ദിയിലും പ്രയോഗിച്ചു. ഇതുകണ്ട് പ്രധാനപത്രാധിപർ അദ്ദേഹത്തെ വിളിച്ച് ഡിഫെക്ട്നേഷൻ എന്നതിന്റെ അൎത്ഥമെന്താണെന്നു ചോദിച്ചു. ഭഗത്സിംഗ് തനിയ്ക്കറിയുകയില്ലെന്നു പറഞ്ഞു. അറിയാത്ത വാക്കുകൾ ഡിക്ഷ്ണറിയിൽ നോക്കി മനസ്സിലാക്കണമെന്ന് പത്രാധിപർ നിൎദ്ദേശിയ്ക്കുകയും ചെയ്തു.

## ഇന്ത്യൻ റിപ്പബ്ലിക്കൻ അസോസ്യേഷ്യൻ.

ഉത്തരേന്ത്യയിലെ വിപ്ലവകാരികളുടെ പ്രധാന കേന്ദ്രമായിരുന്നു കാൺപൂർ. പഞ്ചാബിലെ വിപ്ലവകാരിക

1129

ഷ്ടമായി ഭഗത്സിംഗ് സമ്പക്കം സ്ഥാപിച്ച കാലത്ത് ഇന്ത്യൻ വിപ്ലവകാരികൾക്ക് ഒരു അഖിലേന്ത്യാസംഘടനയുണ്ടായിരുന്നില്ല. സംസ്ഥാനികാടിസ്ഥാനത്തിലായിരുന്നു അവർ അന്ന് പ്രവത്തിച്ചിരുന്നത്. ഓരോ സംസ്ഥാനത്തിലുമുള്ള വിപ്ലവകാരികൾക്ക് പ്രത്യേകം ലക്ഷ്യങ്ങളും മാഗ്ഗങ്ങളും ഉണ്ടായിരുന്നു. ഒരു അഖിലേന്ത്യാ പ്രസ്ഥാനത്തെപ്പററി അന്ന് ആരുംതന്നേ ചിന്തിയ്ക്കുകപോലും ചെയ്തിരുന്നില്ല. എന്നാൽ ഭഗത്സിംഗ് കാൺപൂരിൽ താമസിയ്ക്കുന്ന കാലത്താണ് ചിലർക്കെല്ലാം ഈ കുറവ് പരിഹരിയ്ക്കണമെന്ന് ആഗ്രഹം തുടങ്ങിയത്.

ഭഗത്സിംഗ് കാൺപൂരിലുള്ള കാലത്താണ് യോഗേശചന്ദ്രചാററർജി റായ്മഹാശയനെന്ന പേരിൽ വിപ്ലകാരികളെ സംഘടിപ്പിച്ചുകൊണ്ടിരുന്നത്. ഭഗത്സിംഗ് അദ്ദേഹവുമായി പരിചയപ്പെട്ടു. അങ്ങിനെ സംഘടനയിൽ ഒരു പ്രധാന അംഗമായിത്തീരുകയും ചെയ്തു.

ക്രിസ്ത്വബ്ദം 1924_25-ൽ രാമപ്രസാദ് ബിസ്മിൽ, ശചീന്ദ്രനാഥസന്ന്യാൽ, യോഗേശചന്ദ്രചാററർജി എന്നിവരെല്ലാംകൂടി ഇന്ത്യൻ റിപ്പബ്ലിക്കൻ അസോസ്സ്യേഷ്യൻ എന്ന പേരിൽ വിപ്ലവകാരികളുടെ ഒരു സംഘടനയുണ്ടാക്കി. ഈ സംഘടനയിൽ ഭഗത്സിംഗിനെ ഒരു പ്രമുഖ അംഗമായി തിരഞ്ഞെടുത്തു.

## കാകേക്കാരി കേസ്സ്.

ഈ സംഘടനയിലെ അംഗങ്ങൾ 1925 ആഗസ്റ്റ് 9-ാംതിയ്യതി കാക്കോരിയ്ക്കടുത്തുവെച്ച് വണ്ടി തടഞ്ഞുനി

ത്തി ഗവമ്മേണ്ട് ഖജാന കൊള്ളചെയ്യുകയുണ്ടായി. ഇതു സംബന്ധിച്ചു ഗവമ്മേണ്ട് ദേശവ്യാപകമായ തോതിൽ അറസ്ററുകൾ ആരംഭിച്ചു. സംഘടനയിലെ വളരെ അംഗങ്ങൾ അറസ്ററു ചെയ്യപ്പെട്ടു. എന്നാൽ ഭഗത്സിംഗ് പിടികൊടുക്കുവാൻ കൂട്ടാക്കിയില്ല. അദ്ദേഹം ഒളിവിൽ പോയി. സംഘടനയിലുള്ള ചുരുക്കം പേർ മാത്രമേ രക്ഷപ്പെട്ടിരുന്നുള്ളു. അവരിൽ പ്രധാനിയായിരുന്ന ഭഗത്സിംഗ്. ആസാദ് മുമ്പുതന്നേ ഒളിവിലായിരുന്നു. യാതൊരു വിവരവും ആയാളെപ്പററിയുണ്ടായിരുന്നില്ല. ശക്തിയായ പോലീസ്സന്വേഷണം നടന്നുകൊണ്ടിരിയ്ക്കുകയായിരുന്നു. അങ്ങിനെ ഇന്ത്യൻ റിപ്പബ്ലിക്കൻ അസോസ്സ്യേഷ്യൻ ഗതിമുട്ടി കിടപ്പായി.

## സംഘടനാപ്രവത്തനങ്ങൾ.

അങ്ങിനെ ആ പഴയ വിപ്ലവകാരികളുടെ സംഘടന കാക്കോരി കേസ്സു നിമിത്തം നാമാവശേഷമായി. പിടികിട്ടിയ വിപ്ലവകാരികളെ നീണ്ട അവധികൾക്ക് ശിക്ഷിച്ചു. സംഘത്തിൻെറ പരിപാടികൾ ആകപ്പാടെ കീഴ്മേൽ മറിഞ്ഞു. സവ്വപ്രവത്തനങ്ങളും വിഫലമായിത്തീൎന്നു. സംഘത്തെ പുനഃസംഘടിപ്പിയ്ക്കുക എന്ന പ്രയാസമേറിയ കൃത്യം ഏറെറടുക്കുന്നതിന്ന് ആരുമുണ്ടായിരുന്നില്ല.

പ്രസ്തുത ദയനീയസ്ഥിതി കണ്ടപ്പോൾ ഭഗത്സിംഗിൻെറ ഹൃദയം തപിച്ചുതുടങ്ങി. പുനഃസംഘടനാപ്രവത്തനങ്ങൾക്ക് അദ്ദേഹം വെമ്പിക്കൊണ്ടിരിയ്ക്കുകയായിരുന്നു. പക്ഷേ യാതൊരു മാൎഗ്ഗവുമുണ്ടായിരുന്നില്ല. ഒററയ്ക്ക് യാ

ത്തൊന്നും ചെയ്യുക സാദ്ധ്യമല്ലല്ലോ. ആസാദിൻെറ സ്ഥിതിയും ഇപ്രകാരംതന്നെയായിരുന്നു. അങ്ങിനെ രണ്ടു വ്യഗ്രഹൃദയങ്ങളും ചേന്ന് പുനഃസംഘടനാപ്രവത്തനങ്ങൾ ആരംഭിച്ചു.

തൽഫലമായി പുതിയ സംഘടന ജന്മമെടുത്തു. അതിന്ന് ഇന്ത്യൻ ജനകീയസംഘമെന്ന പേരും നല്കി. ഈ സംഘത്തിൻെറ പ്രവത്തനത്തിൽ ഭഗത്സിംഗിന്നു അതിമഹത്തായ ഒരു പങ്കുണ്ടായിരുന്നു. എന്നാൽ ഭഗത്സിംഗിൻെറ ചിന്താഗതിയ്ക്കു കൂടുതൽ ശാസ്ത്രീയത്വം ലഭിച്ചപ്പോൾ സംഘത്തിൻെറ പേർ ഇന്ത്യൻ സോഷ്യലിസ്റ്റ് ജനകീയ സംഘം എന്നാക്കി മാററുകയുണ്ടായി.

## ഗൃഹത്തിലേയ്ക്കു്.

ഭഗത്സിംഗ് വീട്ടുവിട്ടുപോയതുകൊണ്ട് കുടുംബത്തിലുള്ളവക്ക് അതിയായ കുണ്ഠിതമുണ്ടായി. വിവാഹത്തിന്നു നിബ്ബന്ധിച്ചതുകൊണ്ടാണു് തങ്ങളുടെ പ്രിയപുത്രൻ ഗൃഹത്യാഗം ചെയ്തത് എന്നറിയുകകൂടി ചെയ്തപ്പോഴെയ്ക്കും അവരുടെ പശ്ചാത്താപത്തിന്ന് കയ്യും കണക്കുമുണ്ടായിരുന്നില്ല. ഭഗത്സിംഗിനെപ്പററിയുള്ള ചിന്ത അവരുടെ ഹൃദയത്തിൽ സദാ മഥിച്ചുകൊണ്ടിരുന്നു. തൻെറ പ്രിയപുത്രൻ എവിടെയൊക്കേയാണ് അലഞ്ഞു തിരിയുന്നാതെന്നും എന്തെല്ലാം കഷ്ടപ്പാടുകളാണ് സഹിയ്ക്കുന്നാതെന്നും ആലോചിച്ച് അച്ഛന്ന് വളരെ വ്യസനമുണ്ടായി. മകൻെറ വിവരം ലഭിയ്ക്കുവാൻവേണ്ടി അദ്ദേഹം സവ്വ സ്ഥലത്തും അന്വേഷണം നടത്തി. ഒടുവിൽ അത് സഫലമാ

യത്തീരുകയും ചെയ്തു. ഭഗത്സിംഗിനെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടു പോരുവാൻവേണ്ടി അദ്ദേഹം കാൺപൂരിലേയ്ക്കു പുറപ്പെട്ടു. അപ്പോഴേയ്ക്കും അദ്ദേഹത്തിൻെറ മാതാവിന്നു കഠിനമായ രോഗം പിടിപെട്ടു. തന്നിമിത്തം യാത്ര നിൎത്തിവെയ്ക്കേണ്ടിവന്നു. ഉടൻതന്നെ ഭഗത്സിംഗിന്നു ഒരു കത്തെഴുതി. മുത്തശ്ശിയ്ക്കു് അത്യന്തം സുഖക്കേടാണെന്നു് അതിൽ പ്രസ്താവിച്ചിരുന്നു. ഈ വാൎത്തയറിഞ്ഞപ്പോൾ ഭഗത്സിംഗിൻെറ ഹൃദയം വല്ലാതെ നൊന്തു. അമ്മ മരിച്ചതിനുശേഷം അദ്ദേഹത്തെ മാതൃനിൎവ്വിശേഷം സ്നേഹിച്ച് വളൎത്തിക്കൊണ്ടുവന്നത് മുത്തശ്ശിയായിരുന്നു. അവരുടെ ആത്മാൎത്ഥത നിറഞ്ഞ സ്നേഹസമ്പത്തിനെയോൎത്തപ്പോൾ ഭഗത്സിംഗിന്നു് തന്നെത്താൻ നിയന്ത്രിയ്ക്കുവാൻ സാധിച്ചില്ല. ഉടൻതന്നെ ഭഗത്സിംഗ് അടുത്ത വണ്ടിയ്ക്കു ലാഹോറിലേയ്ക്കു പുറപ്പെട്ടു.

## അകാലിപ്രക്ഷോഭം.

ഭഗത്സിംഗ് പഞ്ചാബിൽ എത്തിയ അവസരത്തിൽ അവിടത്തെ സ്ഥിതി പ്രക്ഷുബ്ധകരമായിരുന്നു. ജനങ്ങൾ അങ്ങേ അററത്തോളം ഇളകി വശായിരുന്നു. ഗവൎമ്മെണ്ട് മറ്റുന നടവടികൾ അഴിച്ചുവിട്ടിട്ടുണ്ട്. ബലപ്രയോഗംകൊണ്ട് സമാധാനം സ്ഥാപിയ്ക്കുവാൻ പ്രയത്നിയ്ക്കുകയായിരുന്നു. ഇതു കണ്ടപ്പോൾ ഭഗത്സിംഗിൻെറ ഹൃദയം പ്രക്ഷുബ്ധമായിത്തീൎന്നു. ഈ സ്ഥിതിയിൽ അദ്ദേഹത്തിന്നു് സമാധാനപൂൎവ്വം എങ്ങിനെ അടങ്ങിയൊതുങ്ങിയിരിപ്പാൻ കഴിയും? പ്രക്ഷോഭത്തിൽ പങ്കെടുക്കുന്നതിന്നു് അദ്ദേഹം തീരുമാനിച്ചു. പോലീസ്സ് ഭഗത്സിംഗിനെ

അന്വേഷിയ്ക്കാൻ തുടങ്ങിയിട്ട് കുറെയായി. പ്രക്ഷോഭത്തിൽ പങ്കെടുത്തുവെന്നുകൂടി കേട്ടപ്പോൾ അവരുടെ അരിശം മൂത്തു. രാവും പകലും അദ്ദേഹത്തെ തിരഞ്ഞുനടക്കുവാൻ തുടങ്ങി. എന്നാൽ ഭഗത്സിംഗുണ്ടോ ഇതുകൊണ്ട് ഭയപ്പെടുന്നു! പോലീസിനെ ലവലേശം വകവെയ്ക്കാതെ അദ്ദേഹം തൻെറ പ്രവൎത്തനങ്ങൾ നിൎബ്ബാധം തുടൎന്നു പോന്നു.

## സൈമൺകമീഷൻ

1928 ഫിബ്രവരിയിലാണ് സൈമൺകമീഷൻ ഇന്ത്യയിലേയ്ക്കു വരുവാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ ഇന്ത്യ മുഴുവൻ സൈമൺ കമീഷനോടുള്ള വെറുപ്പ് പ്രദൎശിപ്പിച്ചുകൊണ്ടിരുന്നു. പ്രകടനങ്ങളെ ഗവൎമ്മേണ്ട് ശക്തിപൂൎവ്വം അടിച്ചമൎത്തുവാൻ ശ്രമിച്ചു. ഫിബ്രവരി മൂന്നാം തിയ്യതി സൈമൺ കമീഷൻ ബോംബെയിലെത്തി. കറുത്ത കൊടിയുമായിട്ടാണ് ജനങ്ങൾ അവരെ സ്വാഗതം ചെയ്തത്. കമീഷൻ പോകുന്നേടത്തെല്ലാം ജനങ്ങളുടെ പ്രകടനവും കറുപ്പുകൊടി പ്രദൎശനവും "സൈമൺമടങ്ങിപ്പോ" എന്ന പ്രതിഷേധവും ഉണ്ടായിരുന്നു. ഇന്ത്യ മുഴുവനും ഫിബ്രവരി മൂന്നാം തിയ്യതി ഹൎത്താലാചരിച്ചു. സൎവ്വത്ര കറുപ്പുകൊടികൾ പ്രദൎശിപ്പിയ്ക്കപ്പെട്ടിരുന്നു.

ഒക്ടോബർ 30-ാംനു-യാണ് കമീഷൻെറ ലാഹോർ പരിപാടി നിശ്ചയിച്ചിരുന്നതു്. പട്ടണത്തിൽ പ്രകടനങ്ങൾ നിരോധിച്ചുകൊണ്ട് 144 പാസ്സാക്കി. എന്നാൽ ഈ നിരോധനാജ്ഞയെ ജനങ്ങൾ വകവെച്ചില്ല. സ്റ്റേഷനിൽ

ആളുകൾ കൂടിനില്ക്കുന്നതിനേയും ഗവമ്മേണ്ട് നിരോധിച്ചിരുന്നു. ഒക്ടോബർ 29-ാംനു ചേന്ന മഹായോഗത്തിൽവെച്ച് ഗവമ്മേണ്ട്നിരോധനാജ്ഞയെ ലംഘിയ്ക്കുവാൻ ജനങ്ങൾ തീരുമാനിച്ചു.

ഒക്ടോബർ മുപ്പതാം തിയ്യതി ഒരു വലിയ ഘോഷയാത്ര പട്ടണം ചുററി സ്റ്റേഷനിലേയ്ക്കു തിരിച്ചു. സ്റ്റേഷനിൽ എത്തിയ ഉടൻതന്നെ ശാന്തരായ ഘോഷയാത്രക്കാരുടെ മേൽ പോലീസ് ലാത്തിച്ചാജ്ജ് തുടങ്ങി. ഘോഷയാത്രയുടെ നേതൃത്വം വഹിച്ചിരുന്നത് ലാലാ ലജപത്റായിയായിരുന്നു. അദ്ദേഹത്തെ പോലീസ് ഭയങ്കരമായി തല്ലി. അദ്ദേഹത്തിൻെറ നെഞ്ചത്ത് കഠിനമായ പരുക്ക പററി. പോലീസ് സൂപ്രഡണ്ട് സ്കോട്ടിൻെറയും അസിസ്റ്റാണ്ട് സൂപ്രഡണ്ട് സേണ്ടേഴ്സിൻെറയും ആജ്ഞപ്രകാരമാണ് ലാത്തിച്ചാജ്ജ് നടന്നത്. അവർ ഇതുകണ്ട് രസിച്ചു നില്ക്കുകയായിരുന്നു.

ഈ കാഴ്ച കണ്ടപ്പോൾ ഭഗത്സിംഗിൻെറ ക്രോധാഗ്നി ആളിക്കത്തി. തന്നത്താൻ നിയന്ത്രിയ്ക്കുവാൻ അദ്ദേഹത്തിന്ന് സാധിച്ചില്ല. ഭയങ്കരമായ ഈ അപമാനത്തെ സഹിയ്ക്കുവാൻ അദ്ദേഹത്തിന്ന് കഴിഞ്ഞില്ല. ഏതെങ്കിലും വിധത്തിൽ ഇതിന്ന് പ്രതികാരം ചെയ്യണമെന്ന് അദ്ദേഹം ദൃഢനിശ്ചയം ചെയ്തു.

## ലാലാജിയുടെ മരണം.

ഒക്ടോബർ 30-ാം തിയ്യതി ലാലാജിയ്ക്ക് നെഞ്ചത്ത് ലാത്തിത്തല്ലുകൊണ്ട് കഠിനമായി പരിക്കപററിയതായ

പറഞ്ഞുവല്ലൊ. അതിനുശേഷം ദിനംപ്രതി അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചുവന്നു. ലാത്തിത്തല്ലിന്റെ ഫലമായി അദ്ദേഹത്തിന്റെ ശ്വാസഃകോശത്തിന്നുപോലും കേടുതട്ടിയിരുന്നു. വായിൽനിന്ന് രക്തം വരുവാൻ തുടങ്ങി. വളരെ ചികിത്സിച്ചിട്ടും യാതൊരു ഭേദവുമുണ്ടായില്ല. അങ്ങിനെ 1928 നവമ്പർ 17-ാം തിയ്യതി ലാലാജി ദിവംഗതനായി.

ലാലാജിയെ ഇപ്രകാരം കഠിനമായി അടിച്ച് അദ്ദേഹത്തിന്റെ മരണത്തിന്നിടയാക്കിയ സംഭവം രാജ്യം മുഴുവൻ വല്ലാത്ത കോളിളക്കമുണ്ടാക്കി. ഈ അപമാനഭാരത്താൽ യുവഹൃദയങ്ങൾ ക്രോധംകൊണ്ട് കലങ്ങിമറഞ്ഞു. ലാത്തിചാർജ്ജ് നടന്ന ദിവസംതൊട്ട് ഭഗത്സിംഗ് ആവേശഭരിതനായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ ക്രോധം ഒരിയ്ക്കലും അടങ്ങിയില്ല. ഇതിന്ന് പ്രതികാരം ചെയ്യല്ലാതെ അടങ്ങുകയില്ലെന്ന് അദ്ദേഹം പ്രതിജ്ഞചെയ്തു.

## സേൻഡേഴ്സിന്റെ കൊലപാതകം.

ലാലാജിയുടെ മരണത്തിന്ന് പ്രതികാരം ചെയ്യണമെന്ന ദൃഢസങ്കല്പമാണ് സേൻഡേഴ്സിന്റെ കൊലപാതകത്തിന്ന് കാരണമായത്. സർദാർ ഭഗത്സിംഗ്, രാജഗുരു, ആസാദ് എന്നിവരോടൊപ്പം സേൻഡേഴ്സിനെ വധിയ്ക്കുവാനുള്ള ഒരു പരിപാടി തെയ്യാറാക്കി. ആയാൾ നിമിത്തമാണല്ലൊ ലാലാജിയുടെ അകാലമരണം സംഭവിച്ചത്. 1928 ഡിസമ്പർ 17-ാം തിയ്യതി സേൻഡേഴ്സ് തന്റെ ബങ്ക്ളാവിൽനിന്ന് മോട്ടോർ സൈക്കി

ളിൽ കയറി പുറപ്പെട്ടു. ഭഗത്സിംഗും കൂട്ടുകാരും ഒരുങ്ങി നിന്നിരുന്നു. സേൻഡേഴ്സ് സംസ്ഥാനപോലീസ് ഹെഡ് കോർട്ടേഴ്സിൻെറ മുമ്പിലുള്ള റോഡിൽ എത്തിയപ്പോൾ ഭഗത്സിംഗ് ആയാളെ വെടിവെച്ചു. വെടികൊണ്ട് ആയാൾ താഴെ വീണു. വീണ്ടും ഭഗത്സിംഗ് മൂന്നു വെടികൂടി വെച്ചു.

പിന്നീട് തൻെറ കൂട്ടുകാരൊന്നിച്ച് ഡി. എ. വി. കോളേജ് ഹോസ്റ്റലിന്നു നേരെ നടന്നു. ചന്ദൻസിംഗ് എന്ന ഒരു പോലീസുകാരൻ അദ്ദേഹത്തെ പിൻതുടന്നു. വളരെ തടഞ്ഞിട്ടും സമ്മതിയ്ക്കാഞ്ഞപ്പോൾ ആസാദ് ആയാളെയും വെടിവെച്ചു വീഴ്ത്തി. ബോർഡിങ്ങ് ഹൌസിൽനിന്ന് പുറത്തുവന്ന ഉടനെ ഭഗത്സിംഗും കൂട്ടുകാരും അടുത്തുള്ള സൈക്കിൾ ഷാപ്പിൽനിന്ന് മൂന്നു സൈക്കിളെടുത്തു അവിടെനിന്ന് ഓടിപ്പോയി. അപ്പോഴെയ്ക്കും ഡി. എ. വി. കോളേജു ഹോസ്റ്റൽ പോലീസ് വന്നു വളഞ്ഞുകഴിഞ്ഞിരുന്നു. എന്നാൽ ഭഗത്സിംഗും കൂട്ടുകാരും തത്സമയത്തേയ്ക്ക് രക്ഷപ്പെട്ടിരുന്നു. പോലീസുകാർ വിഡ്ഢികളായി മടങ്ങി.

ഭഗത്സിംഗ് ഇത്രയുംകൊണ്ട് തൃപ്തിപ്പെട്ടില്ല. ദേശത്തിന്നു നേരിട്ട അപമാനത്തിന് പകരം വീട്ടിയ സംഗതി ജനങ്ങളെ അറിയിയ്ക്കുവാൻ അദ്ദേഹം ആശിച്ചു. അതിനാൽ രാത്രി പട്ടണത്തിലെ പ്രധാനപ്പെട്ട ചുമരുകളിലെല്ലാം തന്നെ താഴെ പറയുന്ന പരസ്യം പതിച്ചു—"സേൻഡേഴ്സ് കൊല്ലപ്പെട്ടു. ലാലാജിയുടെ മരണത്തിന്ന് പ്രതികാരം ചെയ്തു."

1129

## അജ്ഞാതവാസം.

സേൻഡേഴ്സിൻെറ മരണാനന്തരം പോലീസുകാക്ക് പരിഭ്രമം വദ്ധിച്ചു. കൊലപാതകി ലാഹോറിൽത്തന്നെയുണ്ടെന്ന് അവക്കറിയാമായിരുന്നു. അവർ രാവും പകലും അന്വേഷണം നടത്തിക്കൊണ്ടിരുന്നു. രഹസ്യപ്പോലീസുകാർ പട്ടണത്തിൻെറ നാലുഭാഗത്തും കാവൽ തുടങ്ങി. സ്റ്റേഷനിൽ കട്ടത്ത പാറാവ് ഏർപ്പെടുത്തിയിരുന്നു. പോലീസ് തങ്ങളുടെ കഴിവിനനുസരിച്ച് എല്ലാം ചെയ്തു. വിഷമം പിടിച്ച ഒരു പ്രശ്നമായിരുന്നു അത്. പിടികിട്ടിയാൽ പുള്ളിയെ തൂക്കിലേററുമോ എന്നതിന്ന് യാതൊരു സംശയവുമുണ്ടായിരുന്നില്ല.

ലാഹോറിൽനിന്ന് രക്ഷപ്പെടുവാൻ ഭഗത്സിംഗ് വളരെ രസകരമായ ഒരുപായമാണ് കണ്ടുപിടിച്ചത്. അദ്ദേഹം ഒരു ഗവമ്മേണ്ടുദ്യോഗസ്ഥൻെറ വേഷംകെട്ടി. തൻെറ പേർ മാററി. പുതിയ പേരിലുള്ള ലേബിലുകൾ പെട്ടികളിന്മേലെല്ലാം ഒട്ടിച്ചു. തികച്ചും ഒരു സാഹിബ് ആകുന്നതിന്നു വേണ്ടി സുശീലാദേവി എന്ന ഒരു സുന്ദരിയേയും കൂടെക്കൂട്ടി. രാജഗുരു ഒരു ശിപായിയുടെ വേഷത്തിൽ ടിഫിൻകാരിയറും ചുമന്നുകൊണ്ട് ഒന്നിച്ചുതന്നെയുണ്ടായിരുന്നു. അങ്ങിനെ ഒരു വലിയ ആപ്പീസരുടെ മട്ടിൽ ഭഗത്സിംഗ് സ്റ്റേഷനിൽ എത്തി. ഒന്നാംക്ലാസ്സ മുറിയിൽചെന്നു കയറി. ആക്കും യാതൊരുവിധ സംശയങ്ങളുമുണ്ടായിരുന്നില്ല. വണ്ടി വിട്ടു. അങ്ങിനെ അദ്ദേഹം ലാഹോറിൽനിന്ന് രക്ഷപ്പെടുകയും ചെയ്തു. പോലീസുകാർ കാത്തുകാത്തു വിഷമിച്ചു. ഭഗത്സിംഗ് ലാഹോർ വിട്ടത് ആ

പാവങ്ങൾ അറിഞ്ഞതേയില്ല. ഒടുവിൽ ഇന്ത്യ മുഴുവനുമുള്ള പോലീസുകാർ അദ്ദേഹത്തെ പിടിയ്ക്കുവാൻ കൊണ്ടുപിടിച്ച് ശ്രമം തുടങ്ങി. എന്നാൽ അദ്ദേഹത്തെ കിട്ടിയില്ല.

## അസംബ്ലിയിൽ ബോമ്പ്.

സർദാർ ഭഗത്സിംഗിനെ അറിയുന്നത് അസംബ്ലിയിൽ ബോമ്പേറു നടത്തിയ ആളെന്ന നിലയ്ക്കാണ്. 1929 ഏപ്രിൽ 8-ാംതിയ്യതിയാണ് പ്രസ്തുത സംഭവമുണ്ടായത്. അസംബ്ലി നടന്നുകൊണ്ടിരിയ്ക്കയാണ്. ഇന്ത്യൻ രാജ്യരക്ഷാനിയമത്തെപ്പററി ചൂടുപിടിച്ച വാദപ്രതിവാദം നടക്കുന്നു. അതിൻെറ ഇടയിലാണ് ഒരു ഭയങ്കരമായ പൊട്ടിത്തെറിയുണ്ടായത്. ആളുകൾ ചുററുപാടും നോക്കി. പുക പൊങ്ങുന്നതു കണ്ടപ്പോൾ പരിഭ്രമമായി. ഉടൻതന്നെ വേറെയൊരു പൊട്ടിത്തെറിയുംകൂടിയുണ്ടായി.

ബോമ്പു വീണേടത്ത് ഒരു വലിയ കുഴിയുണ്ടായിരുന്നു. എന്നാൽ ആൎക്കും ആപത്തൊന്നും പററിയിരുന്നില്ല. പൊട്ടിത്തെറി കഴിഞ്ഞ് രണ്ടു നിമിഷത്തിനുശേഷം നോട്ടീസ് വിതരണവും നടന്നു. അതിൽ ചെവി കേൾക്കാത്തവൎക്ക് വേണ്ടിയാണ് പൊട്ടിത്തെറിയുണ്ടാക്കിയതെന്ന് എഴുതിയിരുന്നു. അതിനുശേഷം അവിടെ രണ്ടു യുവാക്കൾ ഇൻക്വിലാബ് സിന്താബാദ്, സാമ്രാജ്യത്വം നശിയ്ക്കട്ടെ എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് നടക്കുന്നതായി കണ്ടു.

## അറസ്റ്റ്.

ബോമ്പേറു നടത്തുവാൻ ഭഗത്സിംഗിനെ സഹായിച്ചത് ബടുകേശ്വർദത്ത് എന്ന മനുഷ്യനായിരുന്നു. ഭഗ

ത്സിംഗും ബട്ടുകേശ്വർദത്തും ബോമ്പ് എറിയണമെന്നും ചന്ദ്രശേഖർആസാദ് അവരുടെ രക്ഷയ്ക്കുവേണ്ടി വാതില്ക്കൽ കാവൽനില്ക്കേണമെന്നമാണ് മുൻകൂട്ടി ചെയ്ത ഏർപ്പാട്. അതനുസരിച്ച് അവർക്ക് ഓടി രക്ഷപ്പെടാനുള്ള അവസരം ലഭിയ്ക്കുമായിരുന്നു. എന്നാൽ ബോമ്പേറു കഴിഞ്ഞതിന്നുശേഷവും ആസാദ് മുൻനിശ്ചയപ്രകാരം സ്ഥലത്ത് എത്തിയിരുന്നില്ല. എവിടെയാണ് അദ്ദേഹം ചെന്ന് ഒളിച്ചിരുന്നതെന്ന് ആൎക്കും മനസ്സിലായില്ല. അങ്ങിനെ ഓടി രക്ഷപ്പെടാൻ അവൎക്ക സാധിച്ചില്ല. അതിനാൽ ആളുകളെ കൂടുതൽ ഉത്തേജിപ്പിയ്ക്കുന്നതിന്ന വേണ്ടിയാണ് രണ്ടുപേരും അവിടെനിന്ന് മുദ്രാവാക്യം മുഴക്കിത്തുടങ്ങിയത്.

ബോമ്പു പൊട്ടിത്തെറിയ്ക്കലും അതിനെത്തുടൎന്ന് രണ്ടു യുവാക്കൾ കയ്യിൽ പിസ്റ്റളുമായി മുദ്രാവാക്യം മുഴക്കിക്കൊണ്ട് നടക്കുന്നതും കണ്ടപ്പോൾ അസംബ്ലി മെമ്പർമാർ ഭയപ്പെട്ടു വിറച്ചുപോയി. കാവൽനിന്നിരുന്ന പോലീസുഭടന്മാരെ എങ്ങും കാണ്മാനുണ്ടായിരുന്നില്ല. അങ്ങിനെ വേണമെങ്കിൽ ഭഗത്സിംഗിന്നും കൂട്ടുകാരനും ഓടിപ്പോകാൻ അവസരം ലഭിച്ചിരുന്നു. എന്നാൽ അവർ പോയില്ല. കുറച്ചുസമയം കഴിഞ്ഞപ്പോൾ ഒരു പോലീസ് സർജൻട് ഒരു സംഘം പോലീസുകാരുമായി ഇവരെ അറസ്റ്റ് ചെയ്യാൻ മുന്നോട്ടുവന്നു. എന്നാൽ ഇവരുടെ കയ്യിൽ പിസ്റ്റൾ കണ്ടപ്പോൾ പോലീസുകാൎക്ക് അടുത്തേയ്ക്കു വരാൻ ധൈൎയ്യമുണ്ടായില്ല. ഭഗത്സിംഗും കൂട്ടുകാരനും ഉടൻതന്നെ തങ്ങളുടെ കയ്യിലുണ്ടായിരുന്ന പിസ്റ്റൾ ദൂരെ എ

റിഞ്ഞ് പോലീസുകാരോട് അറസ്റ്റ് ചെയ്യാൻ പറഞ്ഞു. അങ്ങിനെ രണ്ടുപേരും അറസ്ററു ചെയ്യപ്പെട്ടു. ഉടനെ ഇൻക്വിലാബ് സിന്ദാബാദ്, സാമ്രാജ്യത്വം നശിയ്ക്കട്ടെ എന്നീ മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തിൽ ഉയൎന്നു. അതിന്റെ പ്രതിദ്ധ്വനി അസംബ്ലിമന്ദിരത്തെ കിടുകിടാ വിറപ്പിച്ചു. ഭരണകൎത്താക്കൾ ഭയംകൊണ്ടും ആശ്ചൎയ്യംകൊണ്ടും പ്രതിമകളെപ്പോലെ നോക്കിനിന്നുപോയി.

## വിചാരണയും ശിക്ഷയും.

അറസ്റ്റ് ചെയ്യപ്പെട്ടശേഷം അദ്ദേഹത്തെ ജെയിലിൽ കൊണ്ടുപോയി റിമാണ്ടിൽവെച്ചു. രണ്ടുപേരേയും രണ്ടു മുറിയിലാണ് അടച്ചത്. ജൂൺ 4-ാംനു-വരെ അവർ റിമാണ്ടിൽ തന്നെയിരുന്നു. ജൂൺ 4-ാംനു- മിഡിൽസ് എന്ന സെഷൻസ് ജഡ്ജി ഇവരുടെ കേസ്സ് വിചാരണയ്ക്കുവേണ്ടി ജയിലിലേയ്ക്കു പോയി. ഡൽഹി ജയിലിൽവെച്ചാണ് വിചാരണ ആരംഭിച്ചത്. ഭഗത്സിംഗിന്റെ പേരിൽ കൊണ്ടുവന്ന കുററത്തെ അദ്ദേഹം നിഷേധിയ്ക്കുകയുണ്ടായില്ല. ജഡ്ജി രണ്ടുപേൎക്കും ആജീവനാന്തം തടവുശിക്ഷ നല്കിക്കൊണ്ട് വിധി പ്രസ്താവിച്ചു. ഭഗത്സിംഗ് സന്തോഷത്തോടുകൂടി തനിയ്ക്കു കിട്ടിയ ശിക്ഷയേ സ്വാഗതം ചെയ്തു.

## ലാഹോർ ഗൂഢാലോചന.

ഇന്ത്യൻ വിപ്ലവകാരികളുടെ ചരിത്രത്തിൽ ലാഹോർ ഗൂഢാലോചന അതിപ്രധാനമായ ഒരു സംഭവമാണ്. ഈ ഗൂഢാലോചനയിൽ സർദാർ ഭഗത്സിംഗ് ഒരു പ്രമുഖനായ അംഗമായിരുന്നു. കാക്കോരിയിലെ കുററ

വാളികളെ ജെയിലിൽനിന്ന് വിമോചിപ്പിയ്ക്കുവാൻവേണ്ടി യാണ് ഈ ഗൂഢാലോചന നടന്നത്. എന്നാൽ ഈ പരി ശ്രമം വിഫലമായിത്തീൎന്നു. കാരണം അതിന്നുവേണ്ട യാ തൊരുപകരണങ്ങളും അവരുടെ വക്കലുണ്ടായിരുന്നില്ല. വ്യവ സ്ഥിതമായ ഒരു പരിപാടിയും ഉണ്ടായിരുന്നില്ല. ഈ ഗൂഢാ ലോചന തെളിയിയ്ക്കപ്പെട്ടു. തന്നിമിത്തം ഭഗത്സിംഗിന്ന് വധശിക്ഷ ലഭിയ്ക്കുകയും ചെയ്തു.

## വധശിക്ഷ.

ഗൂഢാലോചനക്കേസ്സ് വിചാരണയാരംഭിച്ചു. 1929 ജൂലായ് 10_ാംതിയ്യതി സ്പെഷൽ മജിസ്ത്രേട്ട് ശ്രീകൃഷ്ണയാണ് ഈ കേസ് വിചാരണ ചെയ്തത്. ജൂലായ് 10_ാംതിയ്യതി മുതൽ ഒക്ടോബർ 7-ാംതിയ്യതി വരെ ഈ കേസ് നടന്നു. അന്ന് ഭഗത്സിംഗിൻെറ പേരിലുള്ള കുററം തെളിഞ്ഞതു കൊണ്ട് സ്പെഷൽ മജിസ്ത്രേട്ട് അദ്ദേഹത്തിന്ന് വധശിക്ഷ നല്കിക്കൊണ്ട് വിധി പ്രസ്താവിച്ചു.

പ്രസ്തുത കേസു നടത്തുവാൻ ഒരു സ്പെഷൽ ട്രിബ്യൂണ ലിനേയാണ് നിശ്ചയിച്ചിരുന്നത്. തന്നിമിത്തം ഹൈ ക്കോട്ടിൽ അപ്പീൽ ബോധിപ്പിയ്ക്കുവാൻ സാധിച്ചിരുന്നില്ല. ജനങ്ങൾ പ്രിവി കൌൺസിലിൽ അപ്പീൽ ബോധിപ്പിച്ചു. എന്നാൽ അവിടെ അപ്പീൽ തള്ളി. ഇന്ത്യക്കാർ മുഴുവൻ ഏകോപിച്ച് ഭഗത്സിംഗിൻെറ ജീവരക്ഷ ചെയ്യണമെ ന്ന് വൈസ്റോയിയോട് അപേക്ഷിച്ചു. എന്നാൽ പ ഞ്ചാബ് ഗവമ്മെണ്ടിൻെറ കാര്യമാണ് അതെന്നും തനി യ്ക്കതിൽ യാതൊന്നും ചെയ്യുക സാദ്ധ്യമല്ലെന്നും പറഞ്ഞ്

1152

വൈസ്റോയി ഒഴിഞ്ഞുകളഞ്ഞു. സ്വന്തം അധികാരമുപ യോഗിച്ച് വൈസ്റോയിയ്ക്ക് അദ്ദേഹത്തെ രക്ഷിയ്ക്കാമായിരുന്നു. പക്ഷെ അങ്ങിനെ ചെയ്തില്ല. മഹാത്മാഗാന്ധി ഇതു സംബന്ധിച്ച് വൈസ്റോയിയുമായി സംഭാഷണം നടത്തി. എന്നിട്ടും ഫലമുണ്ടായില്ല. ഭഗത്സിംഗിനെ ജീവനോടുകൂടി വിടുക എന്നത് ബ്രിട്ടീഷുകാരുടെ ഇന്ത്യയിലുള്ള താല്പര്യങ്ങളെ ബലികഴിയ്ക്കുകയായിരിയ്ക്കുമെന്ന് ഗവമ്മെണ്ടിന്ന് നല്ലപോലെ അറിയാമായിരുന്നു.

1931 മാച്ചുമാസം 23-ാംതിയ്യതി ഭഗത്സിംഗിനെ തൂക്കിക്കൊന്നു. അദ്ദേഹത്തിൻെറ ശവം വിട്ടുകിട്ടുവാൻ വേണ്ടി ജനങ്ങഠം ആവുന്നതും ശ്രമിച്ചു. പക്ഷെ ഫലമുണ്ടായില്ല. അങ്ങിനെ ചെയ്യുന്നത് ആപത്തിനെ ക്ഷണിച്ചുവരുത്തുകയാവുമെന്ന് ഗവമ്മെണ്ട് കരുതി. മാച്ച് 23-ാം തിയ്യതി രാത്രിയിലാണ് അദ്ദേഹത്തെ തൂക്കിക്കൊന്നത്. ആരും അറിയാതെ അപ്പോഠംതന്നെ ഭഗത്സിംഗിൻെറ ശവശരീരം സത്ലജ് നദീതീരത്തിൽ കൊണ്ടുപോയി ദഹിപ്പിയ്ക്കുകയും ചിതാഭസ്മം നദിയിൽ ഒഴുക്കുകയുമാണുണ്ടായത്. പിറെറ ദിവസം രാവിലെ ഭഗത്സിംഗിനെ തൂക്കിക്കൊന്ന വിവരം ഗവമ്മെണ്ട് ഔദ്യോഗികമായി പ്രഖ്യാപിച്ചു.

## മഹത്തായ പ്രവൃത്തികഠം.

ഭഗത്സിംഗിൻെറ മുമ്പുണ്ടായിരുന്ന വിപ്ലവകാരികഠംക്ക് തങ്ങളുടെ പരിപാടികഠം ജനങ്ങഠംക്കു മുമ്പിൽ വെയ്ക്കുവാൻ സാധിച്ചിരുന്നില്ല. അവരുടെ ആദശ്മെ

ന്തെന്ന് ജനങ്ങൾക്ക് അറിവുണ്ടായിരുന്നില്ല. തന്നിമിത്തം അവരുടെ പ്രവത്തനങ്ങളോട്ട് അവക്ക് അനുഭാവവുമുണ്ടാ യിരുന്നില്ല. കാക്കോരി സംഭവത്തിന്നു ശേഷം സംഘട നാപരമായ പ്രവത്തനങ്ങളിൽ മുഴുകിയിരുന്ന ഭഗത്സിം ഗിന്ന് വിപ്ലവകാരികൾക്ക് ജനങ്ങളുടെ പിൻതുണ നേടു വാൻ സാധിച്ചില്ലെന്ന് മനസ്സിലായി. അവരുടെ അഭമ്യ മായ ഉത്സാഹം, ത്യാഗം, ധീരത, ആത്മസമപ്പണം എന്നീ ഗുണങ്ങൾ ഒന്നുംതന്നെ സാധാരണക്കാരൻെറ ഹൃദയത്തെ ആകഷിയ്ക്കുവാൻ പര്യാപ്തമായിട്ടില്ലെന്ന് അദ്ദേഹം കണ്ടു പിടിച്ചു. വിപ്ലവകാരികൾ എന്തിനുവേണ്ടി നിലകൊള്ളു ന്നുവെന്നും അവരുടെ പരിപാടികൾ എന്തെന്നും എന്തിനു വേണ്ടിയാണ് അവർ ആത്മസമപ്പണം ചെയ്യുന്നതെന്നും ജനങ്ങൾക്ക് അറിവുണ്ടായിരുന്നില്ല. അന്നുവരെ ഒരു വിപ്ലവ കാരിയും തങ്ങളുടെ പരിപാടിയെന്തെന്ന് പരസ്യമായി പ്ര ഖ്യാപിയ്ക്കുകയുമുണ്ടായില്ല. ഗവമ്മെണ്ടുദ്യോഗസ്ഥന്മാരെ യോ അവരുടെ സിൽബന്ധികളേയോ വധിയ്ക്കുകയും അ ങ്ങിനെ തൂക്കുമരത്തിന്മേൽ കയറുകയും ചെയ്യുകയായിരുന്നു വിപ്ലവകാരികൾ ചെയ്തിരുന്നത്. അല്ലെങ്കിൽ കൊള്ളയും കൂട്ടായ്മക്കവെച്ച്യും നടത്തി എന്ന കുററത്തിന്മേൽ പിടിയ്ക്ക പ്പെട്ടുകയും നീണ്ട അവധികൾക്കായി ജെയിൽശിക്ഷ അനുഭ വിയ്ക്കുകയും ചെയ്തിരുന്ന വിപ്ലവകാരികൾ വെറും കൊള്ള ക്കാരും കൂട്ടായ്മക്കവെച്ച്ക്കാരുമാണെന്ന ഒരു പ്രതീതിയാണ് ജനങ്ങളിൽ ഉണ്ടാക്കിയത്. ഗവമ്മെണ്ടിൻെറ സഹായി കൾ അവരുടെ പ്രവത്തികൾ കണ്ടുപിടിയ്ക്കുകയും അങ്ങിനെ അവർ അറസ്റ്റുചെയ്യപ്പെടുന്നതും പൊതുജനങ്ങൾ കണ്ടി

ട്ടുണ്ട്. അതിന്നു പ്രതികാരം ചെയ്യുന്നതിന്ന് വിപ്ലവകാരികൾ ഗവമ്മെണ്ടിൻെറ ആൾക്കാരെ വധിയ്ക്കുകയും ചെയ്തിരുന്നു. പക്ഷെ ഇത്തരം പ്രവത്തനങ്ങൾ തങ്ങളുമായി ബന്ധപ്പെട്ടതാണെന്നു ജനങ്ങൾ കരുതിയില്ല. അതിനാൽ വിപ്ലവകാരികളുടെ ആദശമെന്തെന്നും അവർ ഏതു ലക്ഷ്യത്തെ മുൻനിത്തിയാണ് പ്രവത്തിയ്ക്കുന്നതെന്നും അതിന്നുള്ള പരിപാടികൾ എന്തെല്ലാമാണെന്നും ജനങ്ങൾക്ക് വ്യക്തമാക്കി കൊടുക്കുകയും അങ്ങിനെ അവരുടെ സഹകരണം സമ്പാദിയ്ക്കുകയുമാണ് മുഖ്യമായി വേണ്ടതെന്ന് ഭഗത്സിംഗ് തീരുമാനിച്ചു.

ഭഗത്സിംഗ് നല്ലപോലെ അദ്ധ്യയനം ചെയ്തിട്ടുള്ള ഒരു വ്യക്തിയാണെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങിനെ ഈ കുറവുകളെ മനസ്സിലാക്കിയ അദ്ദേഹം വിപ്ലവകാരികളുടെ പരിപാടികളെ ജനങ്ങൾക്കു വിവരിച്ചു കൊടുക്കുന്നതിന്നു വേണ്ടി അവരെ പ്രേരിപ്പിച്ചു. അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ച് 1928-ൽ വിപ്ലവകാരികളുടെ ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽവെച്ച് മേൽപ്പറഞ്ഞ തീരുമാനത്തെ ഐക്യകണ്ഠ്യേന അംഗീകരിയ്ക്കുകയും ചെയ്തു. വിപ്ലവസംഘടനയ്ക്ക് താഴെ പറയുന്ന ലക്ഷ്യവും പരിപാടികളും നിശ്ചയിക്കപ്പെട്ടു.

(1) ഗ്രാമത്തിലേയോ പട്ടണത്തിലേയോ വ്യക്തികളുടെ ഗൃഹങ്ങൾ കൊള്ളചെയ്യുക എന്ന നയം കഴിയുന്നേടത്തോളം തുടന്നുപോകാൻ പാടില്ലാത്തതാണ്. കൂട്ടായ്മ കവച്ചകളിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. പണത്തിൻെറ

ബുദ്ധിമുട്ട നേരിടുന്നപക്ഷം ഗവൺമെണ്ട് ഖജാനകൾ കൊള്ളചെയ്ത് പണമുണ്ടാക്കേണ്ടതാണ്.

(2) കവച്ച് നിത്യത്തൊഴിലായി ജീവിയ്ക്കുന്നവരെ സംഘത്തിലെ അംഗങ്ങളായി ഒരിയ്ക്കലും സ്വീകരിപ്പാൻ പാടുള്ളതല്ല.

(3) ഗവൺമെണ്ടുദ്യോഗസ്ഥന്മാരേയും സഹായികളേയും വധിയ്ക്കുന്നതിന്ന വേണ്ടി മേലിൽ ശക്തിയെ വ്യയംചെയ്യ്കൂടാ. ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്ന പ്രവൎത്തനങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടതു്. പ്രചരണത്തിന്നും ആവേശകരമായ പ്രകടനത്തിന്നും കൂടുതൽ പ്രാമാണ്യം കൊടുക്കണം.

(4) സംഘത്തിൻെറ ലക്ഷ്യം സോഷ്യലിസം സ്ഥാപിയ്ക്കലാണ്. സംഘത്തിൻെറ പേർ ഇന്ത്യൻ ജനകീയസംഘം എന്നതിന്ന പകരം ഇന്ത്യൻ സോഷ്യലിസ്റ്റ് ജനകീയസംഘം എന്നാക്കി മാററണം.

ഭഗത്സിംഗിൻെറ അഭീഷ്ടമനുസരിച്ച് സംഘത്തിൻെറ പേർ വീണ്ടും മാററി. ഇന്ത്യൻ സോഷ്യലിസ്റ്റ് പ്രജാധിപത്യസംഘം എന്ന ശാസ്ത്രീയനാമമാണ് സ്വീകരിയ്ക്കപ്പെട്ടത്. ജനങ്ങളുടെ മുമ്പിൽ വെയ്ക്കുവാൻ പററിയ ആകൎഷകമായ ഒരു പേരാണ് ഇതെന്ന് അദ്ദേഹം കണ്ടു.

അങ്ങിനെ ഭഗത്സിംഗ് മുമ്പുള്ള വിപ്ലവകാരികളുടെ സങ്കുചിതവും ജീൎണ്ണിച്ചതുമായ ചിന്താമണ്ഡലത്തേയും പ്രവൎത്തനമാൎഗ്ഗത്തേയും അപ്പടി തള്ളിക്കളഞ്ഞ് കാലോചിതമാ

യി മുന്നോട്ടു പോകുവാനുള്ള ആഹ്വാനം നൽകി. ഭരണ സ്തംഭനാവിധേയമായ പ്രവർത്തനങ്ങളുടെ സുഗമമായ പുരോഗമനമാർഗ്ഗത്തേയാണ് അദ്ദേഹം തൻെറ കൂട്ടുകാർക്ക് കാണിച്ചുകൊടുത്തത്. സേൻഡേഴ്സിൻെറ വധവും അസംബ്ലി മന്ദിരത്തിന്ന് ബോമ്പ് എറിഞ്ഞതും മററും അദ്ദേഹത്തിൻെറ പുതിയ നയത്തിൻെറ പ്രത്യാഖ്യാനങ്ങളായിരുന്നു.

## ഭഗത്സിംഗും സുഖദേവും

ഡി. എ. വി. കോളേജിൽ ഭഗത്സിംഗും സുഖദേവും ഒരുമിച്ചാണ് പഠിച്ചിരുന്നത്. രണ്ടുപേരും ആപ്തമിത്രങ്ങളായിരുന്നു. നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുക്കുന്നതിന്നുവേണ്ടി ഭഗത്സിംഗ് കോളേജു വിട്ടപ്പോഴം സുഖദേവ് മുമ്പിൽകടന്നു. ഭഗത്സിംഗ് വീണ്ടും വന്നു ചേന്നപ്പോഴം തൻെറ ആത്മമിത്രത്തിൻെറ അഭാവം അദ്ദേഹത്തെ വ്യാകുലപ്പെടുത്തി. ഭഗത്സിംഗിന്ന് പഠിപ്പു തുടരുവാൻ സാധിച്ചില്ല. അദ്ദേഹം കോളേജുവിട്ട് പുറത്തു പോന്നു.

വിദ്യാർത്ഥി ജീവിതത്തിൽ വളൎന്നുവന്ന ഈ ആത്മീയത്വം പിന്നീടും ലാഹോർ ഗൂഢാലോചന കേസ്സുവരെ നിലനിന്നു. പ്രസ്തുത ഗൂഢാലോചനയിൽ രണ്ടു സ്നേഹിതന്മാരും പങ്കെടുത്തിരുന്നു. എന്നാൽ ജയിലിൽ പോയതിന്നുശേഷം സുഖദേവിൻെറ പെരുമാററത്തിൽ വലിയ മാററം കണ്ടു. ആയാൾ പോലീസിന്നു കൊടുത്ത മൊഴിനിമിത്തം സംഘടനയ്ക്കു് വലിയ ക്ഷതം തട്ടി. ജെയിലിൽ

വെച്ചു നടന്ന നിരാഹാര വ്രതത്തിൽ ആയാൾ പങ്കുകൊള്ളുകയുമുണ്ടായില്ല. തന്നിമിത്തം ഭഗത്സിംഗിന്ന് ആയാളോട്ട് കഠിനമായ വെറുപ്പു തോന്നി. അവർ അന്യോന്യം ശത്രുക്കളെപ്പോലെ പെരുമാറി. എന്നാൽ പിന്നീട് സുഖദേവിന്ന് തൻെറ നീചമായ ഭീരുതത്തിൽ പശ്ചാത്താപം തോന്നി. ആയാൾ സംഘത്തിലെ മെമ്പർമാൎക്ക് ഒരു കത്തെഴുതി. ആ കത്തിൽ താൻ ചെയ്ത കുററത്തിന്ന് തക്കതായ ശിക്ഷ നൽകണമെന്ന് അവരോടപേക്ഷിച്ചിരുന്നു. അങ്ങിനെ മരിയ്ക്കുന്നതിന്നുമുമ്പ് ആയാളുടെ മനോഭാവം വീണ്ടും ആദ്യത്തെപ്പോലെതന്നെയായി. അതിനാൽ ഭഗത്സിംഗിന്ന് അയാളോട്ടുണ്ടായിരുന്ന സുഖവിരോധം ഇല്ലാതാവുകയും ചെയ്തു. ഒരേദിവസമാണ് രണ്ടുപേരേയും തൂക്കിലിടുവാൻ വിധിച്ചത്. രണ്ടുപേരുടെയും ശവശരീരങ്ങൾ ഒരേസ്ഥലത്തുവെച്ച് ദഹിപ്പിക്കുകയും ചെയ്തു.

## ഭഗത്സിംഗും ആസാദും.

കാകോരി കേസ്സിന്നുശേഷം വിപ്ലവപ്രസ്ഥാനത്തിൻെറ സ്ഥിതി ശോചനിയമായിത്തീൎന്നു. അതിനെ ഉദ്ധരിയ്ക്കുവാൻ വേണ്ടി പ്രയതിച്ചത് ഭഗത്സിംഗും ആസാദുമാണ്. ഇവർ തമ്മിൽ വളരെ സ്നേഹമായിരുന്നു. രണ്ടുപേരും ഓരോരുത്തരുടെയും കഴിവുകളെ അറിയുകയും ബഹുമാനിയ്ക്കുകയും ചെയ്തിരുന്നു. ആപൽഘട്ടങ്ങളിൽനിന്ന് പിൻമാറുക എന്നത് രണ്ടുപേൎക്കും സാധിച്ചിരുന്നില്ല. അപകടങ്ങളിലേയ്ക്കു കുതിച്ചുചാടുവാൻ വെമ്പുന്ന ഹൃദയമാ

യിരുന്നു രണ്ടുപേക്കുമുണ്ടായിരുന്നത്. സേൻഡേഴ്സിനെ വധിയ്ക്കുവാൻ പോയത് ആസാദും ഭഗത്സിംഗും കൂടിയായിരുന്നു.

മുമ്പ് മതഭക്തനായ ഒരാളായിരുന്നു ആസാദ്. മതത്തോട് അത്യധികം അടുപ്പമുണ്ടായിരുന്ന ആയാൾ വലിയ ഈശ്വരവിശ്വാസിയായിരുന്നു. നല്ലപോലെ അദ്ധ്യയനം ചെയ്യാത്തതുകൊണ്ട് ആയാൾക്ക് വ്യവസ്ഥിതമായ ഒരു ചിന്താഗതിയുണ്ടായിരുന്നില്ല. ആത്മസമപ്പ്ണം ചെയ്യാനുള്ള അതിയായ ആഗ്രഹം മാത്രമാണുണ്ടായിരുന്നത്. ഭഗത്സിംഗിൻെറ ചിന്താഗതിയാകട്ടെ ശാസ്ത്രീയമായതായിരുന്നു. ഈശ്വരനേയോ മതത്തേയോ അദ്ദേഹം വകവെച്ചിരുന്നില്ല. ഭഗത്സിംഗിൻെറ സമ്പക്കംമൂലം ആസാദിന്ന് വലിയ മാററമുണ്ടായി. അങ്ങിനെ ഈശ്വരനിലും മതത്തിലുമുണ്ടായിരുന്ന ഭക്തി നീങ്ങിപ്പോയി സോഷ്യലിസത്തോട്ട് അദ്ദേഹത്തിന്ന് വലിയ മമത തോന്നി. ആസാദിൻെറ ചിന്താഗതിയ്ക്ക് സമൂലപരിവത്തനം വന്നു. ഒരിക്കൽ ആയാൾ ഒരു മനുഷ്യനെപ്പററി ഇങ്ങിനെ പറയുകയുണ്ടായി—"വഞ്ചകൻ, പുറമേയ്ക്ക് സോഷ്യലിസ്റ്റാണെന്ന് നടിയ്ക്കുകയും മനസ്സിൽ ഈശ്വരനേ പൂജിയ്ക്കുകയുമാണ് ചെയ്യുന്നത്."

## രാഷ്ട്രീയചിന്താഗതി.

സർദാർ ഭഗത്സിംഗ് വികാരാവേഗമുള്ള ഒരു വ്യക്തിയാണെന്നും അദ്ദേഹത്തിൻെറ ഹൃദയം ആവേശം നിറഞ്ഞു തുളുമ്പുന്നതാണെന്നും വിവേകപരമായ ചിന്തയ്ക്കും

അതിൽ സ്ഥാനമില്ലെന്നും ചിലർ പറയാറുണ്ട്. ഇതു ശരിയല്ല. ഹൃദയത്തിന്നുള്ള വികാരാവേഗംപോലെത്തന്നെ മസ്തിഷ്കത്തിന്ന് കാര്യകാരണങ്ങളെ വിശകലനം ചെയ്യാനുള്ള കഴിവുണ്ടായിരുന്നു. താൻ സ്വീകരിച്ച ലക്ഷ്യത്തിലും മാർഗ്ഗത്തിലും ഭഗത സിംഗിന്ന് പരിപൂർണ്ണമായ വിശ്വാസമുണ്ട്. വ്യവസ്ഥാപിതമായി ചിന്തിയ്ക്കുവാൻ അദ്ദേഹത്തിന്ന് സാധിച്ചിരുന്നു. അദ്ദേഹത്തിൻെറ കത്തുകളിൽനിന്ന് ഈ കാര്യം സ്പഷ്ടമാകുന്നുണ്ട്.

ലാഹോർ ഗൂഢാലോചനക്കേസ്സ് ട്രിബ്യൂണലിന്നുമുമ്പാകെ ഹാജരാക്കിയ സമയത്ത് ഭഗത്സിംഗ് ജേലിലായിരുന്നു. അക്കാലത്ത് ഭഗത്സിംഗിൻെറ പിതാവ് പ്രസ്തുത ട്രിബ്യൂണലിന്ന് ഒരു അപേക്ഷ അയയ്ക്കുകയുണ്ടായി. തൻെറ പുത്രൻെറ പേരിൽ ആരോപിയ്ക്കപ്പെട്ടിരുന്ന കുററം അടിസ്ഥാനരഹിതമാണെന്നും അതിനാൽ കേസ്സുവാദിയ്ക്കുവാൻ പ്രതിയ്ക്ക് അവസരം നല്കണമെന്നും ആ അപേക്ഷയിൽ അഭ്യർത്ഥിച്ചിരുന്നു. ഈ സംഗതി ഭഗത്സിംഗിന്നു മനസ്സിലായപ്പോൾ അദ്ദേഹം ജയിലിൽനിന്ന് അച്ഛന്ന് ഇങ്ങിനെ ഒരു കത്തെഴുതി.

"അങ്ങ് എൻെറ രക്ഷയ്ക്കുവേണ്ടി ട്രിബ്യൂണലിന്ന് ഒരു അപേക്ഷാഹരജി അയച്ചിട്ടുണ്ടെന്ന് അറിഞ്ഞതിൽ എനിയ്ക്ക് അത്യധികം ആശ്ചര്യമാണ് തോന്നിയത് ഈ വിവരം കേട്ട് ഞാൻ നട്ടങ്ങിപ്പോയി. അതിനെപ്പററി സമാധാനപൂർവ്വം ചിന്തിയ്ക്കുവാൻപോലും എനിയ്ക്കു സാധിയ്ക്കുന്നില്ല. ഒരച്ഛനെന്നനിലയ്ക്ക് അങ്ങയോട് എനിയ്ക്ക് അതിരററ സ്നേഹവും ബഹുമാനവുമുണ്ട്. എന്നാൽ എ

ന്നോടൊന്ന് ആലോചിയ്ക്കുകപോലും ചെയ്യാതെ അങ്ങ് ഇത്തരമൊരു ഹരജി അയച്ചത് വലിയ സാഹസമായിപ്പോയി. രാഷ്ട്രീയകാര്യങ്ങളിൽ നമ്മുടെ വിചാരഗതികൾക്ക് ആദ്യം മുതൽക്കേ വളരെ അന്തരമുണ്ടെന്ന് അങ്ങേയ്ക്കറിയാവുന്നതാണല്ലൊ. അങ്ങയുടെ അഭിപ്രായത്തോട് പലപ്പോഴും എനിയ്ക്ക് യോജിപ്പാൻ സാധിച്ചിട്ടില്ല. ഞാൻ എന്റെ സ്വന്തം ആദർശങ്ങൾക്കും മാർഗ്ഗങ്ങൾക്കും വിധേയമായിട്ടാണ് പ്രവർത്തിച്ചുവന്നിട്ടുള്ളത്. ഈ കേസ്സ് ഗംഭീരമായി വാദിയ്ക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്ന് ആദ്യം മുതൽക്കുതന്നെ അങ്ങ് പറയുവാൻ തുടങ്ങിട്ടുള്ളതാണ്. ഞാനതിനെ ശക്തിയായി എതിർത്തിട്ടുമുണ്ട്. ഈ സംഗതികളെല്ലാം അങ്ങ് വിസ്മരിച്ചിരിയ്ക്കുകയില്ലെന്നു വിശ്വസിയ്ക്കുന്നു."

പഞ്ചാബ് ഗവർണ്ണറേ ആക്രമിച്ച കുററത്തിന്ന് തൂക്കുമരത്തിലേറിയ ഹരികിശനെപ്പററി തന്റെ ഒരു സ്നേഹിതന്ന് ഭഗത്സിംഗ് എഴുതിയ കത്തിൽനിന്നും അദ്ദേഹത്തിന്റെ കാർയ്യകാർയ്യ വിവേചനശക്തി നല്ലപോലെ പ്രസ്പഷ്ടിതമാകുന്നുണ്ട്. ആ എഴുത്ത് ഇപ്രകാരമാകുന്നു.

"എല്ലാ രാഷ്ട്രീയ കുററവാളികളുടെയും പ്രവർത്തനങ്ങളെ ഞാൻ ആദ്യം മുതല്ക്കുതന്നെ ന്യായീകരിച്ചു വന്നിട്ടുണ്ടെന്നുള്ളതു് നിങ്ങൾക്കറിയാമല്ലൊ. അതുകൊണ്ടു് ഏതൊരുദ്ദേശത്തിന്നുവേണ്ടി നാം പൊരുതുന്നുവോ ആ ഉദ്ദേശത്തെ അടിസ്ഥാനപരമായി തകിടംമറിയ്ക്കുന്ന പ്രവർത്തനങ്ങളേയും ഞാൻ അനുകൂലിയ്ക്കുന്നുണ്ടെന്നർത്ഥമില്ല. എല്ലാ രാഷ്ട്രീയ കുററവാളികളും തങ്ങളുടെ പ്രവർത്തനങ്ങളെ ന്യായീ

കരിയ്ക്കണമെന്ന് ഞാൻ പറയുമ്പോൾ അവരുടെ അനാസ്ഥ നിറഞ്ഞ പ്രവത്തികളെക്കൂടി ഞാൻ ന്യായീകരിയ്ക്കുന്നുണ്ടെന്നു വരുന്നില്ല. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ് ഓരോ വ്യക്തിയും ചിലത് പ്രവത്തിയ്ക്കുന്നത്. അറസ്റ്റ് ചെയ്യപ്പെട്ടതിനുശേഷവും ആ വ്യക്തിയുടെ പ്രവത്തനത്തിന്റെ രാഷ്ട്രീയമായ മഹത്വം ഒരിയ്ക്കലും കുറഞ്ഞുകൂടാ. പ്രവത്തനമാണ് പ്രശസ്തമാകേണ്ടത്. പ്രവത്തകനല്ല."

വീണ്ടും അദ്ദേഹം എഴുതുകയാണ്—"ഹരികിശൻ ഗവണ്ണറേ വധിയ്ക്കുവാനുദ്യമിച്ചു. ഇതിന്റെ നൈതിക വശത്തെപ്പററി ഞാൻ ഒന്നും പറയുന്നില്ല. രാഷ്ട്രീയവശം എന്തെന്നു മാത്രമേ നമുക്കു നോക്കേണ്ടതുള്ളു. ആയാൾ അറസ്റ്റ് ചെയ്യപ്പെട്ടു. നിർഭാഗ്യവശാൽ ഒരു പോലീസുദ്യോഗസ്ഥന്റെ മരണത്തിന്ന് പ്രസ്തുത സംഭവം ഇടയാക്കി. ഇനി ഇതിനെ ഭംഗിയായി ന്യായീകരിയ്ക്കാം. ഗവണ്ണർ രക്ഷപ്പെട്ടതിന്റെ ഭംഗിയായ ഒരു വിവരണവും നൽകാം. പ്രതിഭാഗം വക്കീലിന്റെ ബുദ്ധികൌശലത്തേയും വാഗ്ദ്ധോരണിയേയും ആസ്പദിച്ചാണ് ഇതു സ്ഥിതിചെയ്യുന്നതു്. സബ്ബ്ഇൻസ്പെക്ടരുടെ കൊലപാതകത്തിന്നിടയായ സംഗതികളെ വക്കീൽ വിവരിയ്ക്കുന്നു. ആത്മരക്ഷയ്ക്കുവേണ്ടിയാണ് പ്രതി കൊലപാതകം ചെയ്തതെന്ന് സ്ഥാപിയ്ക്കുവാൻ പാടുപെടുന്നു. പ്രതിയ്ക്ക് ഗവണ്ണറെ വധിയ്ക്കണമെന്ന് ഉദ്ദേശമുണ്ടായിരുന്നില്ലെന്നും മുറിപ്പെടുത്തേണമെന്നു മാത്രമേ ആഗ്രഹമുണ്ടായിരുന്നുള്ളുവെന്നും ആയാൾ യുക്തിയുക്തം സ്ഥാപിയ്ക്കുന്നു.. ഇത്തരം പ്രലപനങ്ങൾകൊണ്ട് നമ്മുടെ ഉദ്ദേശങ്ങൾക്ക് എന്തു നേട്ടമാണുണ്ടാവുക? അതി

നാൽ പ്രസ്തുത പ്രവർത്തനത്തെ മാത്രമല്ല വിപ്ലവപ്രസ്ഥാന ത്തിൻെറ മുഴുവൻ പരിശുദ്ധിയേയും ഈ നിയമവാദം നശി പ്പിയ്ക്കുന്നു. ആരെയെങ്കിലും വധിയ്ക്കുന്നതുകൊണ്ട് നമ്മുടെ ഉദ്ദേശം സാധിയ്ക്കുവാൻ പോകുന്നില്ല. എന്നാൽ വിപ്ലവ കാരികളുടെ ഓരോ പ്രവർത്തിയ്ക്കും മഹത്തായ രാഷ്ട്രീയപ്രാ ധാന്യമുണ്ടെന്ന് നാം വിസ്മരിയ്ക്കരുത്. അവസാനസമര ത്തിന് അത്യന്താപേക്ഷിതമായിട്ടുള്ള ഒരു മനോഭാവ ത്തേയും അന്തരീക്ഷത്തേയും അതു സൃഷ്ടിയ്ക്കും. അതിനാൽ സാധാരണ ജനങ്ങളുടെ നൈതികമായ പിൻബലം നേടുന്ന തിലാണ് നമ്മുടെ പ്രവർത്തനങ്ങളുടെ ക്ഷമതയും സാർത്ഥക തയും നിലകൊള്ളേണ്ടത്. ചിലപ്പോഠം നാം ഇത്തരം പ്രവർത്തനങ്ങളെ പ്രകടനങ്ങളുടെ കൂട്ടത്തിൽ ഉഠംപ്പെടുത്താ റുണ്ട്. അതിനാൽ കുററവാളികഠം തങ്ങളുടെ പ്രവർത്തന ങ്ങളെ ന്യായീകരിയ്ക്കുന്നത് എപ്പോഴും മേല്പറഞ്ഞ കാര്യങ്ങ ളുടെ വെളിച്ചത്തിലായിരിയ്ക്കണം. ജീവനെ രക്ഷിയ്ക്കുവാൻ വേണ്ടി മാത്രം വാദിയ്ക്കുക എന്നുള്ളതായിരിയ്ക്കരുത് ന മ്മുടെ നയം."

മേൽചേർത്ത ഉദ്ധരണത്തിൽനിന്ന് സർദാർ ഭഗത് സിംഗ് വികാരാവേശമുള്ള ഒരു വ്യക്തിയല്ലെന്നു തെളിയു ന്നുണ്ടല്ലോ. അദ്ദേഹം ആദർശത്തിൽ അടിയുറച്ചു വിശ്വ സിച്ചിരുന്ന ഒരു വ്യക്തിയായിരുന്നുവെന്ന് മറെറാരുദാഹര ണംകൊണ്ട് വ്യക്തമാക്കാം. ജയിലിൽനിന്നു അച്ഛന്ന് എഴുതിയ ഒരു കത്തിൽ പറയുന്നതു നോക്കുക—"ഞങ്ങഠം സുനിശ്ചിതമായ ഒരു നയത്തിൻെറ അടിസ്ഥാനത്തിലാ ണ് പ്രവർത്തിയ്ക്കുന്നതെന്ന് അങ്ങ് മനസ്സിലാക്കണം. അ

തിനാൽ എൻെറ ഓരോ പ്രവൎത്തിയും നയവും ആദൎശവും പ്രവൎത്തനപദ്ധതിയും പ്രസ്തുത പൊതുനയത്തിന്നു് സൎവ്വഥാ അനുരൂപമായിരിക്കേണ്ടതാണ്. കുററവാളിയായിരിയ്ക്കുന്ന കാലമെല്ലാംതന്നെ എനിയ്ക്കു് ഒരേ ഒരു ചിന്ത മാത്രമേയുണ്ടായിരുന്നുള്ളു. എൻെറ പേരിൽ എന്തു കുററങ്ങൾതന്നേ ആരോപിയ്ക്കുകയാണെങ്കിലും ഈ കേസ്സിനെ പരിപൂൎണ്ണമായും നിസ്സഹകരിയ്ക്കേണമെന്നതാണ് അത്. നീതിയേയും നിയമത്തേയും തകിടം മറിയ്ക്കുവാൻ വേണ്ടിയാണ് എന്നോപ്പോലുള്ളവർ പ്രവൎത്തിയ്ക്കുന്നതെന്നു് ഗവൎമ്മേണ്ട് കുററപ്പെടുത്തുന്നു. എന്നാൽ ഞങ്ങൾ നീതിന്യായങ്ങളെ സമാദരിയ്ക്കുന്നവെന്നും ഗവൎമ്മെണ്ടിൻെറ ഹൃദയശൂന്യമായ നയങ്ങളെ നിരാകരിയ്ക്കുന്നുവെന്നും പൊതുജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുപ്പാൻ പററിയ ഒരു സുവൎണ്ണാവസരമാണിതു്. അതിനെ തികച്ചും ഉപയോഗപ്പെടുത്തുകതന്നെ വേണം. അങ്ങ് വിചാരിയ്ക്കുന്നതുപോലെ എനിയ്ക്കു് എൻെറ ജീവൻ അത്രയ്ക്കു് വിലപിടിച്ചതൊന്നുമല്ല ആദൎശങ്ങളെ പണയപ്പെടുത്തി ജീവനെ വിലയ്ക്കു വാങ്ങുവാൻ ഞാൻ ആഗ്രഹിയ്ക്കുന്നതുമില്ല."

സർദാർ ഭഗത്സിംഗിന്നു് സുവ്യക്തമായ ഒരു രാഷ്ട്രീയ ചിന്താഗതിയുണ്ടായിരുന്നു. സിദ്ധാന്തപരമായി അദ്ദേഹം സോഷ്യലിസത്തെ അംഗീകരിച്ചു. അദ്ദേഹത്തിൻെറ പ്രസ്തുത ചിന്താഗതി ലാഹോർ ഗൂഢാലോചന കേസ്സിൽ കോടതി മുമ്പാകെ അദ്ദേഹം കൊടുത്ത മൊഴിയിൽനിന്നു് വ്യക്തമാകുന്നതാണ്.

"സാമ്രാജ്യത്വമെന്നത് കൊള്ളയും കൂട്ടാക്കവെച്ചയും നടത്തുന്നതിന്നു വേണ്ടി സ്ഥാപിയ്ക്കപ്പെട്ട ഒരു ബൃഹത് സംഘടന എന്നതിൽ കവിഞ്ഞ് യാതൊന്നുമല്ലെന്ന് ഞങ്ങൾ പൂൎണ്ണമായി വിശ്വസിയ്ക്കുന്നു. വഞ്ചനയും ചൂഷണവും നടത്തി ലാഭം സമ്പാദിയ്ക്കുക എന്ന നയത്തിന്റെ പരമമായ വികാസത്തേയാണ് അതു കുറിയ്ക്കുന്നത്. സാമ്രാജ്യത്വത്തിന്റെ കിങ്കരന്മാർ കൊള്ളയും, കവച്ചയും നടത്തുന്നതിന്നു വേണ്ടിയുള്ള തങ്ങളുടെ പദ്ധതികളെ ആസൂത്രണം ചെയ്യുന്നതിന്നുള്ള ഉപകരണമാക്കി മാററുകയാണ് നിയമക്കോടതികളും ന്യായാലയങ്ങളും. അതുവഴിയായി അവർ രാഷ്ട്രീയമായ കൊലപാതകങ്ങൾ നടത്തുന്നു. യുദ്ധത്തിന്റെ രൂപത്തിൽ കൂട്ടക്കൊലകളും ധ്വംസനങ്ങളും മററു പല ഭയങ്കര കൎമ്മങ്ങളും നടത്തുന്നു. അവരുടെ ഇത്തരം പ്രവൎത്തനങ്ങളെ അനുവദിയ്ക്കാൻ വൈമനസ്യം പ്രകടിപ്പിയ്ക്കുകയും വിദ്ധ്വംസാത്മകവും വിദ്വേഷപൂൎണ്ണവുമായ നയപരിപാടികളെ നിരാകരിയ്ക്കുകയും ചെയ്യുന്നവരെ രാജ്യദ്രോഹികളെന്നു മുദ്രകുത്തി ജെയിലിന്റെ ഇരുമ്പഴിയ്ക്കുള്ളിലിട്ടടയ്ക്കുകയും തോക്കിന്നിരയാക്കുകയും ചെയ്യുന്നത് സൎവ്വസാധാരണമായിത്തീൎന്നിരിയ്ക്കുന്നു. ന്യായവും സമാധാനവും നിലനിൎത്തുവാൻ ബാദ്ധ്യസ്ഥരാണ് തങ്ങൾ എന്ന നാട്യത്തിൽ അവർ സമാധാനത്തേയും സ്വൈരജീവിതത്തേയും ശ്വാസം മുട്ടിച്ചു കൊല്ലുന്നു. എങ്ങും അസ്വാസ്ഥ്യത്തെ അഴിച്ചുവിടുന്നു. നിരപരാധികളെ വധിയ്ക്കുന്നു. സൎവ്വപ്രകാരത്തിലുള്ള അക്രമങ്ങൾക്കും പ്രോത്സാഹനം നൽകുന്നു.

സ്വാതന്ത്ര്യം മനുഷ്യന്റെ ജന്മാവകാശമാണെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിയ്ക്കുന്നു. മൃഗങ്ങളെയെന്നോണം അവനെ അടക്കിഭരിയ്ക്കുവാൻ ആൎക്കും അധികാരമില്ല. ഓരോ മനുഷ്യനും അവനവന്റെ അദ്ധ്വാനഫലത്തെ അനുഭവിയ്ക്കുവാനുള്ള പരിപൂൎണ്ണ സ്വാതന്ത്ര്യമുണ്ട്. ഓരോ രാഷ്ട്രവും അതിലുള്ള വിഭവങ്ങളുടെ ഉടമയാണ്. ഏതെങ്കിലും ഒരു ഗവമ്മേണ്ട് പ്രസ്തുത മൌലികാധികാരങ്ങളെ നിഷേധിയ്ക്കുകയാണെങ്കിൽ ആ ഗവമ്മേണ്ടിനെ തകിടം മറിയ്ക്കുവാൻ ശ്രമിയ്ക്കുക എന്നത് ജനങ്ങളുടെ അവകാശമാണ്—അല്ല, കത്തവ്യമാണ്. ഇന്നു നിലവിലുള്ള സമുദായ വ്യവസ്ഥയെ വേരോടെ പറിച്ചെറിഞ്ഞ് തൽസ്ഥാനത്ത് മനുഷ്യനെ മൻഷ്യൻ ചൂഷണം ചെയ്യുന്നത് നിഷിദ്ധമാക്കുന്നതും എല്ലാ വ്യക്തികൾക്കും ജീവിയ്ക്കുവാനും വളരുവാനും വികസിയ്ക്കുവാനും പരിപൂൎണ്ണസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്നതുമായ ഒരു നവീന സമുദായ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുവാൻ വേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത്. ഒരു സോഷ്യലിസ്റ്റ് സമുദായം സ്ഥാപിതമാകുന്നതുവരെ ലോകത്തിൽ അശാന്തിയും അസ്വാസ്ഥതയും നിലകൊള്ളുമെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിയ്ക്കുകയും ചെയ്യുന്നു.

ഇനി ഞങ്ങൾ അംഗീകരിച്ചിട്ടുള്ള മാൎഗ്ഗത്തിന്റെ ന്യായാന്യായകതയെപ്പററിയാണ് പറയുവാനുള്ളത്. വിപ്ലവകാരികളായ ഞങ്ങൾ ആദശ്പൂരണത്തിന്നു വേണ്ടി അംഗീകരിച്ചിട്ടുള്ള മാൎഗ്ഗം സമാധാനപരമാവാം, അല്ലാത്തതുമാവാം. അധികാരസ്ഥന്മാർ അതിന്ന് ഇഷ്ടമുള്ള

വ്യാഖ്യാനങ്ങൾ നല്കിക്കൊള്ളട്ടെ. എന്നാൽ എല്ലാവരു ടേയും നന്മയ്ക്കും ഗുണത്തിന്നും വേണ്ടി പ്രവർത്തിയ്ക്കുന്ന ഞങ്ങൾ സ്വാഭാവികമായി സമാധാനപ്രേമികളാണെന്ന് അവകാശപ്പെടുവാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. കുന്തത്തി ന്റെ മുനമേലും തോക്കിന്റെ കുഴലിന്മേലും വാളിന്റെ വായ്ത്തലപ്പിലും നിലകൊള്ളുന്ന ശ്മശാനത്തിലെ ഭീകരമായ സമാധാനത്തെയല്ല, പ്രത്യുത നീതിയുടേയും ന്യായത്തിന്റേ യും സമത്വത്തിന്റേയും സ്നേഹത്തിന്റേയും അടിസ്ഥാന ത്തിൽ നിലകൊള്ളുന്ന യഥാർത്ഥ സമാധാനത്തേയാണ് ഞങ്ങൾ കാംക്ഷിയ്ക്കുന്നത്."

## വ്യക്തിത്വം.

ഭഗത്സിംഗ് പ്രകൃത്യാ ഹിംസാലുവോ ക്രൂരനോ അ ല്ലെന്ന് മേൽപ്രസ്താവിച്ച ഉദ്ധരണങ്ങളിൽനിന്ന് വ്യക്തമാ കുന്നുണ്ട്. ഏതൊരു രാജ്യത്തിന്നും അഭിമാനം കൊള്ളാ വുന്ന സദാചാരനിരതനും ധീരകേസരിയും ആദർശനിഷ്ഠനും വിവേകശാലിയും ആയ ഒരു യുവാവായിരുന്നു അദ്ദേഹം. സ്വാർത്ഥത ലേശംകൂടാതെയാണ് അദ്ദേഹം ദേശസേവനമ നുഷ്ഠിച്ചിരുന്നത്. രാഷ്ട്രീയകാര്യങ്ങൾ സമ്യക്കാകുംവണ്ണം അദ്ധ്യയനം ചെയ്തുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. തന്റെ വിപുലമായ അറിവിനെ മനുഷ്യസമൂ ദായത്തിന്റെ നന്മയ്ക്കു വേണ്ടി അദ്ദേഹം ഉപയോഗിച്ചു. ദരിദ്രന്മാരുടെയും കൃഷിക്കാരുടെയും കഷ്ടപ്പാടുകളെ അദ്ദേ ഹം സ്വന്തം കഷ്ടപ്പാടുകളായി കണ്ടു. ഭഗത്സിംഗിന്റെ

...കളിൽ ചൈതന്യം നിറഞ്ഞു തുളുമ്പിയിരുന്നു. ശരീര ...തിൽ അയസ്കാന്ത ശക്തിയുടെ പ്രമാദത്വം നിലകൊണ്ടിരുന്നു. ഹൃദയം സാഗരംപോലെ വിശാലവുമായിരുന്നു. അന്ത്യഘട്ടത്തിൽ അദ്ദേഹം ഒരു അഖിലേന്ത്യാ നേതാവായി ഉയൎന്നു. ഒരു നേതാവിന്നു വേണ്ട സകല ഉൽകൃഷ്ട ഗുണങ്ങളും അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. ഭഗത്സിംഗ് ത്യാഗവീരനും ദേശാഭിമാനിയും കൎമ്മയോഗിയുമായിരുന്നു. രാഷ്ട്രത്തിന്റെ പദച്യുതി കണ്ടുകൊണ്ടിരിയ്ക്കുവാൻ ആ മഹാമതിയ്ക്കു സാധിച്ചില്ല.

സമാപ്തം.

**KOTTAYAM PUBLIC LIBRARY**

JAWAHAR BAL BHAVAN & CHILDREN'S LIBRARY

KOTTAYAM.

*Cl. No.* M08 *Acc. No.* 1129

This book should be returned on or before the date last stamped below.

2 ? APR 1993

൩൦൪

കുമാരൻ നായർ
പി.എം

ഭഗത്സിംഗ്

11൨൭